പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി VIII
(SUBJECT COMMITTEE VIII)

സാമ്പത്തിക കാര്യങ്ങൾ
(ECONOMIC AFFAIRS)

ആനുകാലിക റിപ്പോർട്ട്
(2025 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH 2025)

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്]

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2025 സെപ്റ്റംബർ 29-ാം തീയതി സമർപ്പിച്ചത്
(Presented on 29th September, 2025)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2025

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2025

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

സബ്ജക്റ്റ് കമ്മിറ്റി VIII
(SUBJECT COMMITTEE VIII)

സാമ്പത്തിക കാര്യങ്ങൾ

(ECONOMIC AFFAIRS)

ആനുകാലിക റിപ്പോർട്ട്
(2025 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH 2025)

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്]

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

935/2025.

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	..	v
അവതാരിക	..	vii
റിപ്പോർട്ട്	..	1
അനുബന്ധം	..	20

സബ്ജക്ട് കമ്മിറ്റി VIII
(സാമ്പത്തിക കാര്യങ്ങൾ)
(2023-2026)

ഘടന

<u>ചെയർപേഴ്സൺ:</u>

ശ്രീ. കെ. എൻ. ബാലഗോപാൽ,
ധനകാര്യ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ:</u>

ശ്രീ. എം. ബി. രാജേഷ്,
തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പുമന്ത്രി.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,
രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ഡോ. കെ. ടി. ജലീൽ

ശ്രീ. ഡി. കെ. മുരളി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി അമ്പിളി പി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി.

അവതാരിക

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള പ്രവർത്തനം സംബന്ധിച്ച ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരം സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ 2021 ജൂൺ 7-ലെ ബുള്ളറ്റിൻ - ഭാഗം 2 നമ്പർ 26 പ്രകാരം 2021-2023 കാലയളവിലേയ്ക്കായും 2023 ഡിസംബർ 7-ലെ ബുള്ളറ്റിൻ - ഭാഗം 2 നമ്പർ 445 പ്രകാരം 2023-2026 കാലയളവിലേയ്ക്കായും രൂപീകരിച്ച സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിവിധ വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പ്രസ്തുത കാലയളവിൽ സമിതി 20-6-2024, 2-7-2024, 10-10-2024, 18-2-2025, 21-2-2025, 27-2-2025, 19-3-2025 എന്നീ തീയതികളിലായി 7 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 3 യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കും 2 യോഗങ്ങൾ ബില്ലുകളുടെയും കരട് റിപ്പോർട്ടുകളുടെയും പരിഗണനയ്ക്കും 2 യോഗങ്ങൾ എസ്.ആർ.ഒ.കൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ എന്നിവയുടെ പരിഗണനയ്ക്കുമായാണ് ചേർന്നത്. ഈ യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ഹാജർ നില ശരാശരി 71.43% ആയിരുന്നു.

ഏഴ് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ അദ്ധ്യായം-I-ലും സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ അദ്ധ്യായം-II-ലും സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ. കളുടെ വിശദാംശങ്ങൾ അദ്ധ്യായം-III-ലും നിയമസഭാ ചട്ടം 235 എ പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ അദ്ധ്യായം IV-ലും നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ അദ്ധ്യായം V-ലും ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള (2024-2025) ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ അദ്ധ്യായം VI-ലും സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ അദ്ധ്യായം VII-ലും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2025 സെപ്റ്റംബർ 18-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തിരുവനന്തപുരം,
2025 സെപ്റ്റംബർ 29.

കെ. എൻ. ബാലഗോപാൽ,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി VIII.

റിപ്പോർട്ട്

<u>അദ്ധ്യായം I</u>

സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII താഴെപ്പറയും പ്രകാരം ആറ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയുണ്ടായി.

1. 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്.

2. 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

3. 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

4. Report of the Subject Committee on The Kerala Finance Bill, 2024 and the Bill as reported by the Subject Committee.

5. 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

6. Report of the Subject Committee on The Kerala Finance Bill, 2025 and the Bill as reported by the Subject Committee.

<u>അദ്ധ്യായം II</u>

സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

<u>1. The Kerala Finance Bill, 2024</u>

സമിതി 2-7-2024-ൽ ചേർന്ന യോഗത്തിൽ പ്രസ്തുത ബിൽ ഭേദഗതികളോടെ അംഗീകരിക്കുകയും ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 4-7-2024-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

<u>2. The Kerala Finance Bill, 2025</u>

സമിതി 19-3-2025-ൽ ചേർന്ന യോഗത്തിൽ പ്രസ്തുത ബിൽ ഭേദഗതികളോടെ അംഗീകരിക്കുകയും ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 20-3-2025-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

935/2025.

അദ്ധ്യായം III

സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ. കളുടെ വിശദാംശങ്ങൾ

എ) സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ

2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ കരട് ചട്ടങ്ങൾ സമിതിയുടെ പരിഗണനയിൽ വന്നിട്ടില്ല.

ബി) സമിതി പരിഗണിച്ച എസ്.ആർ.ഒ. കൾ

ക്രമ നമ്പർ	എസ്.ആർ.ഒ. കളുടെ വിശദാംശം	സമിതി സാധൂകരണം നൽകിയ തീയതി
(1)	(2)	(3)
1.	എസ്.ആർ.ഒ. നം. 815/2021 [The Tree Tax (2nd Amendment) Rules,2021] ഫയൽ നം. 18604/സബ്.സി.ഇ 2/2021/ലെജി. റഫറൻസ് നം. ജി1/1206294/2017/നികുതി, തീയതി -10-11-2021 & 11-12-2023	20-6-2024
2.	എസ്.ആർ.ഒ. നം. 1197/2023 [The Kerala Foreign Liquor (Compounding, Blending and Bottling) (2nd Amendment) Rules, 2023 ഫയൽ നം. 19225/സബ്.സി.ഇ 2/2023/ലെജി. റഫറൻസ് നം. ജി1/92/2023-നികുതി, തീയതി 16-11-2023 & 9-1-2024.	20-6-2024
3.	എസ്.ആർ.ഒ നം.1198/2023 [The Brewery (Amendment) Rules, 2023] ഫയൽ നം. 19225/സബ്.സി.ഇ 2/2023/ലെജി. റഫറൻസ് നം. ജി1/92/2023-നികുതി, തീയതി -16-11-2023 & 9-1-2024.	20-6-2024
4.	എസ്.ആർ.ഒ നം.1199/2023 [The Kerala Distillery and Warehouse (Amendment) Rules, 2023.] ഫയൽ നം. 19225/സബ്.സി.ഇ 2/2023/ലെജി. റഫറൻസ് നം. ജി1/92/2023-നികുതി, തീയതി 16-11-2023 & 9-1-2024.	20-6-2024

(1)	(2)	(3)
5.	എസ്.ആർ.ഒ നം. 99/2024 [The Foreign Liquor (Amendment) Rules, 2024] ഫയൽ നം. 3578/സബ്.സി.ഇ 2/2024/ലെജി. റഫറൻസ് നം. ജി1/95/2023-നികുതി, തീയതി 19-2-2024 & 27-5-2024.	20-6-2024
6.	എസ്.ആർ.ഒ നം. 103/2024 [The Foreign Liquor (2nd Amendment) Rules, 2024] ഫയൽ നം. 3496/സബ്.സി.ഇ 2/2024/ലെജി. റഫറൻസ് നം. ജി1/93/2023-നികുതി, തീയതി 19-2-2024 & 25-5-2024.	20-6-2024
7.	എസ്.ആർ.ഒ നം. 104/2024 [The Foreign Liquor (3rd Amendment) Rules, 2024] ഫയൽ നം.3498/സബ്.സി.ഇ 2/2024/ലെജി. റഫറൻസ് നം. ജി1/1/2023-നികുതി, തീയതി 19-2-2024 & 25-5-2024.	20-6-2024
8.	എസ്.ആർ.ഒ നം. 115/2024 [The Kerala (Serving of Toddy in Hotels and Resorts), Rules, 2024] ഫയൽ നം.3501/സബ്.സി.ഇ 1/2024/ലെജി. റഫറൻസ് നം. ജി1/99/2023-നികുതി, തീയതി 23.02.2024 & 25.05.2024.	20-6-2024
9.	എസ്.ആർ.ഒ.നം.122/2024 [The Foreign Liquor (4th Amendment) Rules, 2024] ഫയൽ നം. 3500/സബ്.സി.ഇ 2/2024/ലെജി. റഫറൻസ് നം. ജി1/98/2024-നികുതി, തീയതി 22-2-2024 & 25-5-2024.	20-6-2024
10.	എസ്.ആർ.ഒ നം. 1315/2023 [The Kerala Goods and Services Tax (Fifth Amendment) Rules,2023] ഫയൽ നം. 203/സബ്.സി.ഇ 2/2024/ലെജി. റഫറൻസ് നം. ബി1/178/2023/റ്റി.ഡി. തീയതി 30-12-2023 & 13-2-2024	20-6-2024
11.	എസ്.ആർ.ഒ നം. 1352/2023 [The Kerala Goods and Services Tax (Sixth Amendment) Rules,2023] ഫയൽ നം. 21711/സബ്.സി.ഇ 2/2023/ലെജി. റഫറൻസ് നം. ബി1/188/2023/റ്റി.ഡി. തീയതി 29-12-2023 & 13-2-2024.	20-6-2024

(1)	(2)	(3)
12.	എസ്.ആർ.ഒ നം. 1284/2023 [The Kerala Flood Cess (Amendment) Rules, 2023] (ഫയൽ നം. 21519/സബ്.സി.ഇ 2/2023/ലെജി. റഫറൻസ് നം. ബി1/152/2023/റ്റി.ഡി. തീയതി 23-12-2023 & 13-2-2024	20-6-2024
13.	എസ്.ആർ.ഒ നം. 379/2024 [The Kerala Goods and Services Tax (Amendment) Rules, 2024] ഫയൽ നം. 7080/സബ്.സി.ഇ 2/2021/ലെജി. റഫറൻസ് നം.ബി1/180/2023/റ്റി.ഡി. തീയതി 23-4-2024 & 25-6-2024	10-10-2024
14.	എസ്.ആർ.ഒ നം. 343/2024 [The Kerala General Sales Tax (Second Amendment) Rules, 2024] (ഫയൽ നം. 7167/സബ്.സി.ഇ 2/2024/ലെജി.) റഫറൻസ് നം. ബി1/24/2024/റ്റി.ഡി., തീയതി 23-4-2024 & 25-6-2024	10-10-2024
15.	എസ്.ആർ.ഒ നം. 344/2024 [The Kerala Value Added Tax (Second Amendment) Rules, 2024] (ഫയൽ നം. 7167/സബ്.സി.ഇ 2/2024/ലെജി.) റഫറൻസ് നം. ബി1/24/2024/റ്റി.ഡി., തീയതി 23-4-2024 & 25-6-2024	10-10-2024
16.	എസ്.ആർ.ഒ നം. 346/2024 [The Central Sales Tax (Kerala) (Amendment) Rules, 2024] (ഫയൽ നം. 7167/സബ്.സി.ഇ 2/2024/ലെജി.) റഫറൻസ് നം. ബി1/24/2024/റ്റി.ഡി., തീയതി 23-4-2024 & 25-6-2024	10-10-2024
17.	എസ്. ആർ. ഒ നം. 1062/2023 [The Kerala Goods and Services Tax (Fourth Amendment) Rules, 2023] (ഫയൽ നം. 7586/സബ്.സി.ഇ 2/2024/ലെജി.) റഫറൻസ് നം. ബി1/151/2023/റ്റി.ഡി., തീയതി 2-5-2024 & 25-6-2024	10-10-2024
18.	എസ്.ആർ.ഒ നം. 663/2024 (The Kerala Amnesty Rules, 2024) (ഫയൽ നം.14498/സബ്.സി.ഇ 2/2024/ലെജി.) റഫറൻസ് നം. ബി1/116/2024/റ്റി.ഡി., തീയതി 14-8-2024	10-10-2024

(1)	(2)	(3)
19.	എസ്.ആർ.ഒ. നം. 696/2024 [The Kerala Chit Funds (Amendment) Rules, 2024] (ഫയൽ നം.14609/സബ്.സി.ഇ 2/2024/ലെജി.) റഫറൻസ് നം. സി3/54/2022-നി.വ., തീയതി 16-8-2024 & 25-9-2024	10-10-2024
20.	എസ്.ആർ.ഒ നം. 584/2024 [The Kerala Foreign Liquor (Compounding, Blending and Bottling) (Amendment) Rules, 2024] (സമിതിയുടെ 9-11-2022-ൽ ചേർന്ന യോഗം നിർദേശിച്ച ഭേദഗതികൾ ഉൾപ്പെടുത്തി പുറപ്പെടുവിച്ചത്.) (ഫയൽ നം. 21600/സബ്.സി.ഇ 2/2021/ലെജി.) റഫറൻസ് നം. ജി3/134/2020-നികുതി, തീയതി 25-2-2022 & 17-7-2024	10-10-2024

അദ്ധ്യായം IV

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം 2024-2025 സാമ്പത്തിക വർഷത്തിൽ പ്രത്യേക വിഷയങ്ങൾ ഒന്നും തന്നെ ചർച്ച ചെയ്തിട്ടില്ല.

അദ്ധ്യായം V

നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ.

ക്രമ നമ്പർ	റിപ്പോർട്ട്	ധനാഭ്യർത്ഥന നമ്പർ	വകുപ്പ്	സഭയിൽ സമർപ്പിച്ച തീയതി
(1)	(2)	(3)	(4)	(5)
1	2023-2024 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട്	XVI—പെൻഷനും പലവകയും	പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ് (2075-00-104-99- ജീവൻ രക്ഷാ പതക്കങ്ങൾ)	2-7-2024
2	"	XVI—പെൻഷനും പലവകയും	പൊതുഭരണ(രഹസ്യ വിഭാഗം) വകുപ്പ് (2075-00-104-95-00-34-03-കേരള അവാർഡ്സ്)	2-7-2024

(1)	(2)	(3)	(4)	(5)
3	2023-2024 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട്	XLV—പലവക വായ്പകളും മുൻകൂറുകളും	പൊതുഭരണ (എ.ഐ.എസ്.-സി) വകുപ്പ്	2-7-2024
4	"	XVI—പെൻഷനും പലവകയും	നികുതി വകുപ്പ് (കേരള സംസ്ഥാന ഭാഗ്യക്കുറി)	2-7-2024
5	"	XVI—പെൻഷനും പലവകയും	കേരള സംസ്ഥാന വഖഫ് ബോർഡ്	2-7-2024
6	"	XVI—പെൻഷനും പലവകയും	ന്യൂനപക്ഷ ക്ഷേമ വകുപ്പ് (കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി)	2-7-2024
7	"	XVI—പെൻഷനും പലവകയും	സൈനിക ക്ഷേമ (എ) വകുപ്പ്	11-7-2024
8	"	V—ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും	നികുതി വകുപ്പ്	11-7-2024
9	"	XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ	സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്	8-10-2024
10	"	VIII—എക്സൈസ്	എക്സൈസ് വകുപ്പ്	8-10-2024
11	2023-2024 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് (കാലതാമസ പത്രിക സഹിതം)	VII—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും	നികുതി വകുപ്പ് (രജിസ്ട്രേഷൻ വകുപ്പ്, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്, ട്രഷറി ഡയറക്ടറേറ്റ്	8-10-2024

(1)	(2)	(3)	(4)	(5)
12	"	XVI—പെൻഷനും പലവകയും	കായിക യുവജനകാര്യ വകുപ്പ് (രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി)	18-3-2025
13	2022-2023 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് (കാലതാമസ പത്രിക സഹിതം)	X—ട്രഷറികളും അക്കൗണ്ടുകളും XI—ജില്ലാ ഭരണവും പലവകയും XVI—പെൻഷനും പലവകയും XLIII—നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും XLV—പലവക വായ്പകളും മുൻകൂറുകളും XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും	ട്രഷറി വകുപ്പ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, ധനകാര്യ(ലോൺസ്) വകുപ്പ്, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്, ധനകാര്യ (പെൻഷൻ -എ) വകുപ്പ്, ധനകാര്യ (എച്ച്.ബി.എ) വകുപ്പ്, ധനകാര്യ(എസ്.എഫ്.സി. സെൽ -എ) വകുപ്പ്,	18-3-2025
14	2023-2024 സാമ്പത്തിക വർഷത്തെ പ്രവർത്തന റിപ്പോർട്ട് (കാലതാമസ പത്രിക സഹിതം)	XI—ജില്ലാ ഭരണവും പലവകയും	ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് (റവന്യൂ വകുപ്പ്)	18-3-2025
15	"	V—ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും	ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് (ഊർജ്ജ വകുപ്പ്)	18-3-2025

<u>അദ്ധ്യായം VI</u>

എ) 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

(ഫയൽ നം. KLS/948/2025-Sub C E2, മുൻ11735/സബ്.സി.ഇ 2/2024 ലെജി)

റിപ്പോർട്ട്	ആകെ ശിപാർശകൾ	നടപടി പത്രിക ലഭിച്ച ഖണ്ഡികകളും ലഭ്യമാക്കിയ വകുപ്പുകളും	നടപടിപത്രിക ലഭ്യമാക്കാത്ത ഖണ്ഡികകളും ബന്ധപ്പെട്ട വകുപ്പുകളും
ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2024-2025)	45	ഖണ്ഡിക നമ്പർ 11-18, 24-30 (നികുതി)	ഖണ്ഡികനമ്പർ 1-6, 8-10 (നികുതി)
		ഖണ്ഡിക നമ്പർ 19-20, 21-22, 31,40-45 (ധനകാര്യം)	
		ഖണ്ഡിക നമ്പർ 23, 39 (പൊതുഭരണം)	
		ഖണ്ഡിക നമ്പർ 33 (റവന്യൂ)	
		ഖണ്ഡിക നമ്പർ 34 (സൈനികക്ഷേമം)	
		ഖണ്ഡിക നമ്പർ 35-38 (ആസൂത്രണ സാമ്പത്തികകാര്യം)	
		ഖണ്ഡിക നമ്പർ 32 [പൊതുഭരണ (ന്യൂനപക്ഷ ക്ഷേമം)]	
		ഖണ്ഡിക നമ്പർ 7 (ഊർജ്ജം)	

ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശവും

1) 2017-2018 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽ നം. 2532/സബ്.സി.ഇ 2/2017/ലെജി.)

ശിപാർശ (ഖണ്ഡിക നമ്പർ 37)

2075-00-800-54—സർക്കാർ വകുപ്പുകൾക്കുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നതു സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കുന്നതിനായി കോടതിയിൽ കെട്ടിവയ്ക്കൽ മൊത്തം തുക

കോടതി വിധി അന്തിമമായിട്ടുള്ള എൽ.എ.ആർ. കേസുകളിൽ വിധിത്തുക അനുവദിക്കുന്നതിനും ലോക് അദാലത്തുകളിൽ സെറ്റിൽമെന്റിലൂടെ തീർപ്പാക്കിയിട്ടുള്ള കേസുകളിലെ വിധിത്തുക അനുവദിക്കുന്നതിനും വേണ്ടി ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ വകുപ്പുകൾക്കുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നത് സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കുന്നതിനായി കോടതിയിൽ കെട്ടിവയ്ക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ 2075-00-800-54 ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 50 കോടി രൂപയും ഉപധനാഭ്യർത്ഥനയിൽ 107 കോടി രൂപയും ഉൾപ്പെടെ മൊത്തം 157 കോടി തുക ധനകാര്യ വകുപ്പ് അനുവദിച്ചിട്ടുള്ളതാണ്.

[റവന്യൂ (ബി) വകുപ്പ് കത്ത് നമ്പർ REV-B3/552/2018-REV, തീയതി 5-9-2024 പ്രകാരം ലഭ്യമാക്കിയ നടപടി പത്രിക 10-10-2024-ലെ സമിതി യോഗം അംഗീകരിക്കുകയും കാലതാമസപത്രിക 8-10-2024-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.]

2) 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നം. 1744/സബ്.സി.ഇ 2/2018/ലെജി.)

ശിപാർശ (ഖണ്ഡിക നമ്പർ 32)

2075-00-800-54—സർക്കാർ വകുപ്പുകൾക്കുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നതു സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കുന്നതിനായി കോടതിയിൽ കെട്ടിവയ്ക്കൽ മൊത്തം തുക

കോടതി വിധി അന്തിമമായിട്ടുള്ള എൽ.എ.ആർ. കേസുകളിൽ വിധിക്കട തുക അനുവദിക്കുന്നതിനും ലോക് അദാലത്തുകളിൽ സെറ്റിൽമെന്റിലൂടെ തീർപ്പാക്കിയിട്ടുള്ള കേസുകളിലെ വിധി തുക അനുവദിക്കുന്നതിനും വേണ്ടി ഏകദേശം 25 കോടി രൂപ അധികമായി വകയിരുത്തേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സർക്കാർ വകുപ്പുകൾക്കുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നതു സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കുന്നതിനായി കോടതിയിൽ കെട്ടിവയ്ക്കുന്നതിന് 2018-19 സാമ്പത്തിക വർഷത്തിൽ 2075-00-800-54 ശീർഷകത്തിൽ 75 കോടി രൂപ ധനകാര്യ വകുപ്പ് അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ, 18-3-2019-ലെ സ.ഉ. (അച്ചടി) നം. 32/2019/ധന ഉത്തരവ് പ്രകാരം എൽ.എ.ആർ. കേസുകളുടെ തൃപ്തീകരണത്തിനായി റവന്യൂ വകുപ്പിന് അനുവദിച്ച 2075-00-800-54 ശീർഷകം ധനകാര്യ വകുപ്പ് നിർത്തലാക്കി അതത് വകുപ്പുകൾക്ക് എൽ.എ.ആർ. കേസുകളുടെ തൃപ്തീകരണത്തിനായി പുതിയ ശീർഷകം അനുവദിച്ചു നൽകിയിട്ടുള്ളതാണ്.

ശിപാർശ (ഖണ്ഡിക നമ്പർ 33)

2075-00-800-53—തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്ക് വേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നത് സംബന്ധിച്ച കേസുകളിൽ വിധിനടപ്പിലാക്കൽ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്ക് വേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുത്തത് സംബന്ധിച്ച എൽ.എ.ആർ. കേസുകളിൽ വിധിക്കട തുക അനുവദിക്കുന്നതിനും ലോക് അദാലത്തുകളിൽ സെറ്റിൽമെന്റിലൂടെ തീർപ്പാക്കിയിട്ടുള്ള കേസുകളിലെ വിധി തുക അനുവദിക്കുന്നതിനും വേണ്ടി ഈ ശീർഷകത്തിൽ 2.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്ക് വേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നത് സംബന്ധിച്ച എൽ.എ.ആർ.

കേസുകളിൽ വിധി നടപ്പിലാക്കുന്നതിനായി 2018-19 സാമ്പത്തിക വർഷത്തിൽ 2075-00-800-53 ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി 6 കോടി രൂപയും ഉപധനാഭ്യർത്ഥന വഴി 13 കോടി രൂപയും [21-4-2018-ലെ സ.ഉ.(സാധാ) നം. 3547/2018/ ധന ഉത്തരവ് പ്രകാരം] ഉൾപ്പെടെ 19 കോടി രൂപ അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ, 18-3-2019-ലെ സ.ഉ.(അച്ചടി) നം. 32/2019/ധന ഉത്തരവ് പ്രകാരം 2075-00-800-53 ശീർഷകം ധനകാര്യ വകുപ്പ് നിർത്തലാക്കി അതത് വകുപ്പുകൾക്ക് എൽ.എ.ആർ. കേസുകളുടെ തൃപ്തീകരണത്തിനായി പുതിയ ശീർഷകം അനുവദിച്ചു നൽകിയിട്ടുള്ളതാണ്.

[സർക്കാർ കത്ത് നമ്പർ ബി1/413/2018-റവ. തീയതി 21-5-2024 പ്രകാരം ഖണ്ഡിക 32, 33 എന്നിവയിലെ ശിപാർശയിന്മേൽ റവന്യൂ(ബി) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 20-6-2024-ലെ സമിതി യോഗം അംഗീകരിക്കുകയും കാലതാമസപത്രിക 2-7-2024-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.]

3) <u>2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്</u>

(ഫയൽ നം. 1810/സബ്.സി.ഇ 2/2020/ലെജി.)

<u>ശിപാർശ (ഖണ്ഡിക നമ്പർ 49)</u>

2075-00-800-81—<u>കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയ്ക്ക് അംശദാനം</u>

ഹജ്ജ് ഹൗസിൽ വനിതാ ബ്ലോക്ക് നിർമ്മിക്കുന്ന സാഹചര്യത്തിൽ മേൽ ശീർഷകത്തിൽ വിഹിതം അപര്യാപ്തമായതിനാൽ അധികമായി 4.1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയ്ക്ക് വനിതാ ബ്ലോക്ക് നിർമ്മിക്കുന്നതിന് ബിൽഡിംഗ് എസ്റ്റിമേറ്റ് തുകയായ 8.2 കോടി രൂപയുടെ 20% ആയ 1.64 കോടി രൂപ 17-12-2019 തീയതിയിലെ സ.ഉ.(സാധാ) നം. 7139/2019/പൊ.ഭ.വ. ഉത്തരവ് പ്രകാരം ഹജ്ജ് കമ്മിറ്റിയ്ക്ക് അനുവദിച്ചിരുന്നു. ടി പ്രവർത്തിയ്ക്ക് ബാക്കി തുക അനുവദിക്കണമെന്ന് ഹജ്ജ് കമ്മിറ്റി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് (കെട്ടിട വിഭാഗം) മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സാങ്കേതികാനുമതി നൽകിയ നാല് വിവിധ എഗ്രിമെന്റ് ഷെഡ്യൂളുകളിലായി തയ്യാർ ചെയ്ത, മൊത്തം 5,97,89,694 (അഞ്ച് കോടി തൊണ്ണൂറ്റിയേഴ് ലക്ഷത്തി എൺപത്തിയൊൻപതി നായിരത്തി അറുനൂറ്റി തൊണ്ണൂറ്റിനാല് രൂപ മാത്രം) രൂപയുടെ ബിൽത്തുകയിൽ മുമ്പ് അനുവദിച്ച 1.64 കോടി രൂപ കിഴിച്ച് ബാക്കി തുകയായ 4,33,89,694 രൂപ (നാല് കോടി

മുപ്പത്തിമൂന്ന് ലക്ഷത്തി എൺപത്തിയൊൻപതിനായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം) കൂടി 2075-00-800-81-00-35-(P) എന്ന ശീർഷകത്തിൽ നിന്നും ഹജ്ജ് കമ്മിറ്റിയ്ക്ക് അനുവദിച്ചുകൊണ്ടും ആയത് മാറിയെടുക്കുന്നതിനുള്ള അംഗീകാരം നൽകിക്കൊണ്ടും 25-5-2023 തീയതിയിലെ G.O.(Rt.) 2335/2023/GAD പ്രകാരം ഉത്തരവായിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ MW2/51/2021/പൊ.ഭ.വ., തീയതി 10-7-2023 പ്രകാരം ഖണ്ഡിക നമ്പർ 49-ലെ ശിപാർശയിന്മേൽ പൊതുഭരണ (ന്യൂനപക്ഷ ക്ഷേമം) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 20-6-2024-ലെ സമിതിയോഗം അംഗീകരിക്കുകയും കാലതാമസപത്രിക 9-8-2023-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.]

4) 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നം. 12979/സബ്.സി.ഇ 2/2021/ലെജി.)

ശിപാർശ (ഖണ്ഡിക നമ്പർ 46)

2075-00-800-81—കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയ്ക്ക് അംശദാനം

നിലവിലുള്ള ഹജ്ജ് ഹൗസിനോടനുബന്ധിച്ചുള്ള വനിതാ ബ്ലോക്ക് നിർമ്മാണം പൂർത്തീകരിക്കുന്നതിലേയ്ക്കായി മേൽ ശീർഷകത്തിലെ വിഹിതം അപര്യാപ്തമായതിനാൽ അധികമായി 6.56 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയ്ക്ക് വനിതാ ബ്ലോക്ക് നിർമ്മിക്കുന്നതിന് ബിൽഡിംഗ് എസ്റ്റിമേറ്റ് തുകയായ 8.2 കോടി രൂപയുടെ 20% ആയ 1.64 കോടി രൂപ 17-12-2019 തീയതിയിലെ സ.ഉ.(സാധാ) നം. 7139/2019/പൊ.ഭ.വ. ഉത്തരവ് പ്രകാരം ഹജ്ജ് കമ്മിറ്റിയ്ക്ക് അനുവദിച്ചിരുന്നു. ടി പ്രവർത്തിയ്ക്ക് ബാക്കി തുക അനുവദിക്കണമെന്ന് ഹജ്ജ് കമ്മിറ്റി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് (കെട്ടിട വിഭാഗം) മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സാങ്കേതികാനുമതി നൽകിയ നാല് വിവിധ എഗ്രിമെന്റ് ഷെഡ്യൂളുകളിലായി തയ്യാർ ചെയ്ത, മൊത്തം 5,97,89,694 (അഞ്ച് കോടി തൊണ്ണൂറ്റിയേഴ് ലക്ഷത്തി എൺപത്തിയൊൻപതി നായിരത്തി അറുനൂറ്റി തൊണ്ണൂറ്റിനാല് രൂപാ മാത്രം) രൂപയുടെ ബിൽത്തുകയിൽ മുമ്പ്

അനുവദിച്ച 1.64 കോടി രൂപ കിഴിച്ച് ബാക്കി തുകയായ 4,33,89,694 രൂപ (നാല് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി എൺപത്തിയൊൻപതിനായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം) കൂടി 2075-00-800-81-00-35-(P) എന്ന ശീർഷകത്തിൽ നിന്നും ഹജ്ജ് കമ്മിറ്റിയ്ക്ക് അനുവദിച്ചുകൊണ്ടും ആയത് മാറിയെടുക്കുന്നതിനുള്ള അംഗീകാരം നൽകിക്കൊണ്ടും 25-5-2023 തീയതിയിലെ G.O.(Rt.) 2335/2023/GAD പ്രകാരം ഉത്തരവായിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ MW2/51/2021/പൊ.ഭ.വ., തീയതി 10-7-2023 പ്രകാരം ഖണ്ഡിക നമ്പർ 46-ലെ ശിപാർശയിന്മേൽ പൊതുഭരണ (ന്യൂനപക്ഷ ക്ഷേമം) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 20-6-2024-ലെ സമിതിയോഗത്തിൽ അംഗീകരിക്കുകയും കാലതാമസപത്രിക 9-8-2023-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.]

5) <u>2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്</u>

(ഫയൽ നം. 12945/സബ്.സി.ഇ 2/2022/ലെജി.)

<u>ശിപാർശ (ഖണ്ഡിക നമ്പർ 56)</u>

3454-02-112-96-34-3—<u>സർവ്വേയും പഠനവും-മറ്റുചെലവുകൾ- മറ്റിനം</u>

'കേരളത്തിലെ വന്ധ്യതയുടെ പ്രചുര്യവും ചികിത്സയും സംബന്ധിച്ച പഠനം', 'കോവിഡ് മഹാമാരിയുടെ ആഘാതം മലയാളി പ്രവാസികളിൽ-പഠനം' എന്നീ സർവ്വേകൾക്ക് നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ടി ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ (ഖണ്ഡിക നമ്പർ 57)</u>

3454-02-112-89—<u>ഭാരതീയ സ്ഥിതി വിവരക്കണക്ക് ശക്തിപ്പെടുത്തൽ പദ്ധതി (ഐ.എസ്. എസ്. പി.) സംസ്ഥാന പദ്ധതി</u>

ഫയർ-സേഫ്റ്റി ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും ചുറ്റുമതിൽ കെട്ടി ഗേറ്റ് സ്ഥാപിക്കുന്നതിനും, കെട്ടിട പരിസരം ഇന്റർലോക്ക് ചെയ്യുന്നതിനും പബ്ലിക് റോഡിൽ നിന്ന് സ്ഥാപനത്തിലേക്ക് ടാർറോഡ് നിർമ്മിക്കുന്നതിനും പരിശീലന പരിപാടികൾ, സെമിനാറുകൾ, വെബിനാർ എന്നിവ സംഘടിപ്പിക്കുന്നതിനും ബി. എസ്. എൻ. എൽ.-നും സിഡ്കോയ്ക്കും നൽകേണ്ട തുക നൽകുന്നതിനും ടി ശീർഷകത്തിൽ നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ അധികമായി 79 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി (ഖണ്ഡിക 56, 57 എന്നിവയിലെ ശിപാർശകളിന്മേൽ)</u>

വിഷയ നിർണ്ണയ സമിതിയുടെ ഖണ്ഡിക 56, 57-ലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ ഭാരതീയ സ്ഥിതിവിവരകണക്ക് ശക്തിപ്പെടുത്തൽ പദ്ധതി, സർവേയും പഠനവും എന്നീ സ്കീമുകളുടെ കീഴിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്ക് അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനവകുപ്പിന് അയച്ചപ്പോൾ സമിതി ശിപാർശ ചെയ്തിട്ടുള്ള ടി പ്രവൃത്തികൾക്കു നിലവിലെ ബജറ്റ് വിഹിതം അടിസ്ഥാനപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളതിനാൽ പ്രസ്തുത പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് ബജറ്റ് വിഹിതത്തിൽ ഉപരിയായ തുക ആവശ്യമുള്ളപക്ഷം ചെലവിന്റെ വിശദാംശങ്ങൾ സഹിതം അധിക ധന അനുമതി പ്രൊപ്പോസൽ സമർപ്പിക്കുവാൻ അഭിപ്രായപ്പെട്ടിരുന്നു. ഇതു സംബന്ധിച്ച് സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിക്ക് അധികം തുക ആവശ്യമായി വന്നില്ല. ആകയാൽ തുക അഭ്യർത്ഥിച്ചുകൊണ്ടു ഡയറക്ടർ പ്രൊപ്പോസൽ നൽകിയില്ല.

<u>ശിപാർശ (ഖണ്ഡിക നമ്പർ 58)</u>

3454-02-203-95—<u>ജില്ലകളിൽ കമ്പ്യൂട്ടർ ഡിവിഷൻ ശക്തിപ്പെടുത്തൽ</u>

ജില്ലാതല ഓഫീസുകളിൽ ഇ-ഓഫീസ് സൗകര്യം നടപ്പിലാക്കുന്നതിനും കോട്ടയം ജില്ലാ ഓഫീസിന്റെ ഇലക്ട്രിക്കൽ, ഫർണിഷിംഗ് ജോലികളുടെ ആദ്യഘട്ടം പൂർത്തീകരിക്കുന്നതിനും നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകയാൽ ടി ശീർഷകത്തിൽ 70 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ ജില്ലാഓഫീസുകളിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിനായി നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ (National Informatics Centre)-ൽ നിന്നും സാങ്കേതിക മാനവിക ശേഷി (Technical man power) ലഭ്യമാക്കുന്നതിനായി 42 ലക്ഷം രൂപയ്ക്ക് 3454-02-203-95-PV ശീർഷകത്തിൽ നിന്നും ചെലവ് നിർവഹിക്കുന്നതിന് 20-2-2023-ലെ G.O.(Rt.)No. 63/2023/P&EA നമ്പർ പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് നൽകിയിരുന്നു. National Informatics centre-ൽ നിന്നും തുക ആവശ്യപ്പെടുമ്പോൾ ഇൻവോയിസ് സഹിതം ധനപുനഃവിനിയോഗ ശിപാർശ സമർപ്പിക്കുവാനും സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് ധനപുനഃവിനിയോഗ ശിപാർശ ധനവകുപ്പിന് സമർപ്പിച്ചെങ്കിലും കഴിഞ്ഞ സാമ്പത്തിക വർഷാവസാനത്തെ ട്രഷറി നിയന്ത്രണം മൂലം അധിക തുക അനുവദിക്കാൻ സാധിച്ചിരുന്നില്ല.

[സർക്കാർ കത്ത് നമ്പർ PLGEA-B1/152/2022- PLGEA, തീയതി 7-2-2023 പ്രകാരം ഖണ്ഡികകൾ 56, 57, 58 എന്നിവയിലെ ശിപാർശകളിന്മേൽ ആസൂത്രണ സാമ്പത്തിക കാര്യ (ബി) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 20-6-2024-ലെ സമിതിയോഗം അംഗീകരിക്കുകയും ആയതിലേയ്ക്കുള്ള കാലതാമസപത്രിക 8-10-2024-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.]

ശിപാർശ (ഖണ്ഡിക നമ്പർ 69- പൊതുശിപാർശ)

ശമ്പളം/ഓഫീസ് ചെലവുകളിന്മേൽ ചെറിയ തുകകൾ അധികമായി ആവശ്യമായി വരുന്നപക്ഷം ധനപുനഃവിനിയോഗം മുഖേന വകുപ്പുകൾക്ക് തന്നെ അത് പരിഹരിക്കാമെന്നിരിക്കെ സബ്ജക്ട് കമ്മിറ്റികളുടെ ധനാഭ്യർത്ഥനകളുടെ പരിശോധനാ വേളയിൽ വകുപ്പുകളുടെ ഭാഗത്തുനിന്ന് വളരെ തുച്ഛമായ അധിക തുക ലഭ്യമാക്കാനാവശ്യപ്പെടുന്ന പ്രവണത സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവണത ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ആസൂത്രണസാമ്പത്തികകാര്യ വകുപ്പിന് കീഴിൽ ആറ് സെക്ഷനുകളും ഈ വകുപ്പിന്റെ ഭരണനിയന്ത്രണത്തിൽ സംസ്ഥാന ആസൂത്രണ ബോർഡ് (എസ്.പി.ബി.), സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് (ഡി.ഇ.എസ്.), സംസ്ഥാന ഭൂവിനിയോഗ ബോർഡ് (കെ.എസ്.എൽ.യു.ബി.), കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി.), കേരള ഡെവലപ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്), വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് (വിവിഡ്) കോർപ്പറേഷൻ ലിമിറ്റഡ്, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് (സി.ഡി.എസ്.) എന്നിങ്ങനെ 7 സർക്കാർ വകുപ്പ്/സ്ഥാപനങ്ങളും നിലവിലുണ്ട്. കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ഈ പൊതുശിപാർശ കർശനമായി പാലിക്കുന്നതിനായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന് കീഴിലെ എല്ലാ സെക്ഷനുകൾക്കും ഈ വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള എല്ലാ വകുപ്പ് മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതാണെന്നും സമിതി മുമ്പാകെ അറിയിക്കുന്നു.

[സർക്കാർ കത്ത് നമ്പർ PLGEA-P1/166/2022-PLGEA, തീയതി 21-5-2024 പ്രകാരം ഖണ്ഡിക 69-ലെ പൊതുശിപാർശയിന്മേൽ ആസൂത്രണ സാമ്പത്തികകാര്യ (പി) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 20-6-2024-ലെ സമിതിയോഗം അംഗീകരിച്ചു.]

ശിപാർശ (ഖണ്ഡിക നമ്പർ 53)

2075-00-800-81—കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി അംശദാനം

ഹജ്ജ് ഹൗസിനോടനുബന്ധിച്ചുള്ള വനിതാ ബ്ലോക്ക് നിർമ്മാണം പൂർത്തികരിക്കുന്നതിനും ഹജ്ജ് വോളണ്ടിയർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതുമൂലമുണ്ടാകുന്ന ചെലവുകൾക്കുമായി മേൽ ശീർഷകത്തിലെ വിഹിതം അപര്യാപ്തമായതിനാൽ അധികമായി 7.16 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഹജ് വോളണ്ടിയർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നത് മൂലമുള്ള ചെലവുകൾക്കായി 2022-23 സാമ്പത്തിക വർഷത്തിൽ അധികമായി തുക അനുവദിച്ചിട്ടില്ല. എന്നാൽ ടി ചെലവുകൾക്കായി തികയാത്ത തുക 2023-2024 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 12-7-2023 തീയതിയിലെ സ.ഉ.(സാധാ) 3174/2023/പൊഭവ. നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയ്ക്ക് വനിതാ ബ്ലോക്ക് നിർമ്മിക്കുന്നതിന് ബിൽഡിംഗ് എസ്റ്റിമേറ്റ് തുകയായ 8.2 കോടി രൂപയുടെ 20% ആയ 1.64 കോടി രൂപ 17-12-2019 തീയതിയിലെ സ.ഉ.(സാധാ) നം. 7139/2019/പൊ.ഭ.വ. ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. ടി പ്രവർത്തിയ്ക്ക് ബാക്കി തുക അനുവദിക്കണമെന്ന് ഹജ്ജ് കമ്മിറ്റി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് (കെട്ടിട വിഭാഗം) മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സാങ്കേതികാനുമതി നൽകിയ നാല് വിവിധ എഗ്രിമെന്റ് ഷെഡ്യൂളുകളിലായി തയ്യാർ ചെയ്ത, മൊത്തം 5,97,89,694 (അഞ്ച് കോടി തൊണ്ണൂറ്റിയേഴ് ലക്ഷത്തി എൺപത്തിയൊൻപതിനായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റിനാല് രൂപ മാത്രം) രൂപയുടെ ബിൽത്തുകയിൽ മുമ്പ് അനുവദിച്ച 1.64 കോടി രൂപ കിഴിച്ച് ബാക്കി തുകയായ 4,33,89,694 രൂപ (നാല് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി എൺപത്തിയൊൻപതിനായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി നാല് രൂപ മാത്രം) കൂടി 2075-00-800-81-00-35(P) എന്ന ശീർഷകത്തിൽ നിന്നും ഹജ്ജ് കമ്മിറ്റിയ്ക്ക് അനുവദിച്ചു കൊണ്ടും ആയത് മാറി എടുക്കുന്നതിനുള്ള അംഗീകാരം നൽകിക്കൊണ്ടും 25-5-2023 തീയതിയിലെ G.O. (Rt.) 2335/2023/പൊ.ഭ.വ. പ്രകാരം ഉത്തരവാകുകയും 26-7-2023 തീയതിയിലെ G.O.(Rt).5582/2023/fin. നമ്പർ ഉത്തരവ് പ്രകാരം ധനകാര്യ വകുപ്പ് ടി തുക 2075-00-800-81-00-35(P) എന്ന ശീർഷകത്തിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ MW2/123/2023/പൊ.ഭ.വ., തീയതി 5-9-2023, MW2/167/2023-GAD, തീയതി 5-9-2023, 16-11-2023 എന്നിവ പ്രകാരം ഖണ്ഡിക നമ്പർ 53-ലെ ശിപാർശയിന്മേൽ പൊതുഭരണ (ന്യൂനപക്ഷ ക്ഷേമം) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 10-10-2024-ലെ സമിതിയോഗം അംഗീകരിക്കുകയും ആയതിന്മേലുള്ള കാലതാമസ പത്രിക 30-1-2024-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.]

6) 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നം. 5494/സബ്.സി.ഇ 2/2023/ലെജി.)

ശിപാർശ (ഖണ്ഡിക നമ്പർ 59)

3454-02-112-89—ഭാരതീയ സ്ഥിതി വിവരക്കണക്ക് ശക്തിപ്പെടുത്തൽ പദ്ധതി (ഐ. എസ്.എസ്. പി.) സംസ്ഥാന പദ്ധതി

സ്റ്റേറ്റ് അക്കാഡമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷന്റെ കെട്ടിടത്തിൽ കേരള സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന് സ്ഥലസൗകര്യം അനുവദിക്കുന്നതിനു വേണ്ടി 2 നിലകൾ കൂടി നിർമ്മിക്കുന്നതിനും കെട്ടിട നിർമ്മാണ ചെലവ് ഇനത്തിൽ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും അഗ്നിരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും ഉപഭോക്തൃ വില സൂചിക തയ്യാറാക്കലിനു വേണ്ടി വിവരശേഖരണം നടത്തുന്ന ജീവനക്കാർക്ക് ഓണറേറിയം നൽകുന്നതിനും ബിസിനസ് രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള പ്രാദേശികതല സ്ഥിതി വിവരകണക്ക് ശേഖരണത്തിനുമായി നിലവിൽ അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ പദ്ധതിയിനത്തിൽ അധികമായി 51.45 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക നമ്പർ 60)

3454-02-203-97—വാഹനങ്ങൾ വാങ്ങുന്നതിന്

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ വയനാട്/ഇടുക്കി ജില്ലകളിലെ ഓഫീസുകൾക്കായി പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് ടി ശീർഷകത്തിൽ പദ്ധതിയിനത്തിൽ അധികമായി 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശിപാർശ (ഖണ്ഡിക നമ്പർ 61)

3454-02-203-95—ജില്ലകളിൽ കമ്പ്യൂട്ടർ ഡിവിഷൻ ശക്തിപ്പെടുത്തൽ

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന്റെ ജില്ലാ ആഫീസുകളിൽ 2023-24 സാമ്പത്തിക വർഷം ഇ-ആഫീസ് സംവിധാനം നടപ്പിലാക്കുന്നതിനു വേണ്ടി ലാപ് ടോപ്പ്

കമ്പ്യൂട്ടറുകളും യു.പി.എസും വാങ്ങുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ അധികമായി 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി (ഖണ്ഡിക 59, 60, 61-ലെ ശിപാർശകളിന്മേൽ)</u>

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII -ന്റെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പുമായി ബന്ധപ്പെട്ട 59, 60, 61 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിനായി 2023-24 വർഷം ഉപധനാഭ്യർത്ഥന വഴി തുക വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയും, ആയത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിന് നൽകുകയും ചെയ്തിരുന്നുവെങ്കിലും പ്രസ്തുത ശീർഷകങ്ങളിൽ അധിക തുക അനുവദിച്ചില്ല.

[സർക്കാർ കത്ത് നമ്പർ PLGEA-B1/67/2023- PLGEA, തീയതി 24-8-2024 പ്രകാരം ഖണ്ഡിക നമ്പർ 59 മുതൽ 61 വരെയുള്ള ശിപാർശയിന്മേൽ ആസൂത്രണ സാമ്പത്തിക കാര്യ (ബി) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 10-10-2024-ലെ സമിതിയോഗം അംഗീകരിക്കുകയും ആയതിലേയ്ക്കുള്ള കാലതാമസപത്രിക 8-10-2024-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.]

<u>ശിപാർശ (ഖണ്ഡിക നമ്പർ 45)</u>

2071-01-200-97—<u>മറ്റു പെൻഷനുകൾ - കോഴിക്കോട് സാമൂതിരി കുടുംബത്തിനുള്ള പെൻഷൻ</u>

കോഴിക്കോട് സമൂതിരി കുടുംബത്തിലെ ജീവിച്ചിരിക്കുന്ന അംഗങ്ങൾക്ക് നൽകി വരുന്ന ധനസഹായം 2,500 രൂപയിൽ നിന്ന് 3,000 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ നിലവിൽ ജീവിച്ചിരിക്കുന്ന 717 അംഗങ്ങൾക്ക് ധനസഹായം നൽകുന്നതിന് 2.5812 കോടി രൂപ ആവശ്യമുണ്ടെങ്കിലും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ അധികമായി 18.12 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

2071-01-200-97 (നോൺ പ്ലാൻ) ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 2,40,00,000 രൂപയ്ക്ക് പുറമേ 10,00,000 രൂപ അധിക തുകയായി വകയിരുത്തുകയും ആയതിൽ 2,31,46,500 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

[സർക്കാർ കത്ത് നമ്പർ Pol-3/13/2024-GAD., തീയതി 23-9-2024 പ്രകാരം ഖണ്ഡിക നമ്പർ 45-ലെ ശിപാർശയിന്മേൽ പൊതുഭരണ (പ്രോട്ടോക്കോൾ) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക 10-10-2024-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും കാലതാമസപത്രിക 8-10-2024-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.]

2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 7-44, 46-58, 62-67 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ നടപടിപത്രികകൾ 20-6-2024-ൽ ചേർന്ന സമിതിയോഗം അംഗീകരിക്കുകയും ആയത് 2024 ജൂലൈ 4-ാം തീയതി സഭയിൽ സമർപ്പിച്ച 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തു.

അദ്ധ്യായം VII

സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ.

റിപ്പോർട്ട് കാലയളവിൽ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശയിന്മേലുള്ള സർക്കാർ നടപടി പത്രികകൾ ഒന്നും തന്നെ പരിഗണിച്ചിട്ടില്ല.

കെ. എൻ. ബാലഗോപാൽ,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി VIII.

തിരുവനന്തപുരം,
2025 സെപ്റ്റംബർ 18.

അനുബന്ധം

1. 20-6-2024- ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2024 ജൂൺ മാസം 20-ാം തീയതി വ്യാഴാഴ്ച സഭാസമ്മേളനത്തിനു ശേഷം വൈകുന്നേരം 4.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. ധനകാര്യ വകുപ്പു മന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു:

1. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
2. ഡോ. കെ. ടി. ജലീൽ
3. ശ്രീ. ഡി. കെ. മുരളി
4. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
5. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
6. ശ്രീ. എൻ. ഷംസുദ്ദീൻ
7. ശ്രീ. കെ. വി. സുമേഷ്
8. ശ്രീ. ഇ. കെ. വിജയൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. രബീന്ദ്ര കുമാർ അഗർവാൾ, പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
2. ശ്രീ. അജിത്കുമാർ പി., അഡീഷണൽ ഡയറക്ടർ, ധനകാര്യ (ദേശീയ സമ്പാദ്യ പദ്ധതി) വകുപ്പ്
3. ശ്രീ. അജിത് പാട്ടീൽ, കമ്മീഷണർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്
4. ശ്രീമതി ശ്രീധന്യ സുരേഷ്, ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, രജിസ്ട്രേഷൻ വകുപ്പ്

5. ശ്രീ. മഹിപാൽ യാദവ്, എക്സൈസ് കമ്മീഷണർ, എക്സൈസ് വകുപ്പ്
6. ശ്രീ. ബി. രാധാകൃഷ്ണൻ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, എക്സൈസ് വകുപ്പ്
7. ശ്രീ. മനോജ് എസ്., ഫിനാൻസ് ഓഫീസർ, എക്സൈസ് വകുപ്പ്
8. ശ്രീമതി ഷൈനി ജോർജ്ജ്, സ്പെഷ്യൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
9. ശ്രീമതി മായ എൻ. പിള്ള, ജോയിന്റ് ഡയറക്ടർ, സംസ്ഥാന ലോട്ടറി വകുപ്പ്
10. ശ്രീ. അബ്ദുൾ നാസർ ബി., അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
11. ശ്രീമതി ഗീത ജി., അസിസ്റ്റന്റ് സെക്രട്ടറി, രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി
12. ശ്രീ. റ്റി. ആർ. ജയപാൽ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
13. ശ്രീ.മുഹമ്മദ് റിയാസ്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
14. ശ്രീ. വി. സാജൻ, ഡയറക്ടർ, ട്രഷറി വകുപ്പ്
15. ക്യാപ്റ്റൻ വിനോദ് മാത്യു, ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്
16. ശ്രീമതി മിനി മോൾ കെ. ജി., ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ശ്രീമതി ഉമാദേവി എൽ. ഡി., ജോയിന്റ് സെക്രട്ടറി, പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ വകുപ്പ്)
18. ശ്രീ. ജയറാം കുമാർ ആർ., ജോയിന്റ് സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ്
19. ശ്രീ. എൻ. വി. സന്തോഷ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
20. ശ്രീ. എ. ഹബീബ്, ഡിവിഷണൽ ഓഫീസർ, കേരള സംസ്ഥാന വഖഫ് ബോർഡ്
21. ശ്രീ. അനിൽകുമാർ സി., അസിസ്റ്റന്റ് ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

പ്രസ്തുത യോഗത്തിൽ, സമിതിയുടെ സാധൂകരണത്തിനായി ലഭ്യമാക്കിയ എസ്. ആർ. ഒ-കൾ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കുവാൻ കാലതാമസം വരുത്തിയതിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ കാലതാമസപത്രികകൾ എന്നിവ സമിതി പരിഗണിക്കുകയും ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

1 ചട്ടങ്ങളുടെ സാധൂകരണം

സമിതിയുടെ മുൻകൂർ പരിശോധന കൂടാതെ പുറപ്പെടുവിച്ച ചുവടെ ചേർത്തിരിക്കുന്ന ചട്ടങ്ങൾ സംബന്ധിച്ച എസ്. ആർ. ഒ- കൾ സമിതി പരിഗണിക്കുകയും അവയ്ക്ക് സാധൂകരണം നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

1. എസ്.ആർ.ഒ നം. 815/2021 [The Tree Tax (2nd Amendment) Rules, 2021]
   (ഫയൽ നം.18604/സബ്.സി.ഇ 2/2021/ലെജി.)
   [റഫറൻസ് നം. ജി1/1206294/2017/നികുതി, തീയതി10-11-2021& 11-12-20 23]

2. എസ്.ആർ.ഒ നം. 1197/2023 [The Kerala Foreign Liquor (Compounding, Blending and Bottling) (2nd Amendment) Rules, 2023]
   (ഫയൽ നം. 19225/സബ്.സി.ഇ 2/2023/ലെജി.)
   [റഫറൻസ് നം. ജി1/92/2023-നികുതി, തീയതി 16-11-2023 & 9-1-2024.]

3. എസ്.ആർ.ഒ നം. 1198/2023 [The Brewery (Amendment) Rules, 2023]
   (ഫയൽ നം. 19225/സബ്.സി.ഇ 2/2023/ലെജി.)
   [റഫറൻസ് നം. ജി1/92/2023-നികുതി, തീയതി 16-11-2023 & 9-1-2024.]

4. എസ്. ആർ. ഒ നം. 1199/2023 [The Kerala Distillery and Warehouse (Amendment)Rules,2023]
   (ഫയൽ നം. 19225/സബ്.സി.ഇ 2/2023/ലെജി.)
   [റഫറൻസ് നം. ജി1/92/2023-നികുതി, തീയതി -16-11-2023 & 9-1-2024.]

5. എസ്.ആർ.ഒ നം. 99/2024 [The Foreign Liquor (Amendment) Rules,2024]
   (ഫയൽനം..3578/സബ്.സി.ഇ 2/2024/ലെജി.)
   [റഫറൻസ് നം. ജി1/95/2023-നികുതി, തീയതി 19-2-2024 & 27-5-2024.]

6. എസ്. ആർ.ഒ നം. 103/2024 [The Foreign Liquor (2nd Amendment) Rules, 2024]
   (ഫയൽ നം. 3496/സബ്.സി.ഇ 2/2024/ലെജി.)
   [റഫറൻസ് നം. ജി1/93/2023-നികുതി, തീയതി 19-2-2024 & 25-5-2024]

7. എസ്.ആർ.ഒ നം. 104/2024 [The Foreign Liquor (3rd Amendment) Rules, 2024]

   (ഫയൽ നം. 3498/സബ്.സി.ഇ 2/2024/ലെജി.)
   [റഫറൻസ് നം. ജി1/1/2023-നികുതി, തീയതി 19-2-2024 & 25-5-2024]

8. എസ്.ആർ.ഒ നം. 115/2024 [The Kerala (Serving of Toddy in Hotels and Resorts), Rules, 2024]

(ഫയൽ നം. 3501/സബ്.സി.ഇ 2/2024/ലെജി.)
[റഫറൻസ് നം. ജി1/99/2023-നികുതി, തീയതി 23-2-2024 & 25-5-2024.]

9. എസ്.ആർ.ഒ നം. 122/2024 [The Foreign Liquor (4th Amendment) Rules, 2024]
(ഫയൽ നം. 3500/സബ്.സി.ഇ 2/2024/ലെജി.)
[റഫറൻസ് നം. ജി1/98/2024-നികുതി, തീയതി 22-2-2024 & 25-5-2024.]

10. എസ്. ആർ. ഒ. നം. 1315/2023 [The Kerala Goods and Services Tax (Fifth Amendment) Rules, 2023]
(ഫയൽ നം. 203/സബ്.സി.ഇ 2/2024/ലെജി)
[റഫറൻസ് നം. ബി1/178/2023/റ്റി.ഡി. തീയതി 30-12-2023& 13-2-2024]

11. എസ്.ആർ.ഒ നം. 1352/2023 [The Kerala Goods and Services Tax (Sixth Amendment) Rules, 2023]
(ഫയൽ നം. 21711/സബ്.സി.ഇ 2/2023/ലെജി.)

[റഫറൻസ് നം. ബി1/188/2023/റ്റി.ഡി. തീയതി 29-12-2023 &13-2-2024.]

12. എസ്.ആർ.ഒ നം. 1284/2023 [The Kerala Flood Cess (Amendment) Rules 2023]

(ഫയൽ നം. 21519/സബ്.സി.ഇ 2/2023/ലെജി.)
[റഫറൻസ് നം. ബി1/152/2023/റ്റി.ഡി. തീയതി 23-12-2023 &13-2-2024]

എസ്.ആർ.ഒ. നം. 1352/2023 പരിഗണിച്ച വേളയിൽ, ജി. എസ്. ടി. കൗൺസിലിന്റെ തീരുമാനം സംസ്ഥാനത്തിന്റെ ആക്റ്റിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായാണ് പ്രസ്തുത എസ്. ആർ. ഒ. പുറപ്പെടുവിച്ചിട്ടുള്ളതെന്നും, നടപടികളുടെ ഭാഗമായി കമ്മീഷണർക്ക് പ്രോപ്പർട്ടി അറ്റാച്ച് ചെയ്യുന്നതിന് ആക്റ്റിൽ അധികാരമുണ്ടെങ്കിലും അതിന് സമയപരിധി നിശ്ചയിച്ചിരുന്നില്ലെന്നും ഈ ഭേദഗതിയിലൂടെ ഒരു വർഷത്തെ സമയപരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ടെന്നും അതോടൊപ്പം One Person Company എന്ന ഓപ്ഷനും TDS or TCS നികുതിദായകർക്ക് ക്യാൻസലേഷനുള്ള സൗകര്യം കൂടിയും REG-08 ഫോമിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ചരക്ക് സേവന നികുതി വകുപ്പ് കമ്മീഷണർ സമിതിയിൽ വ്യക്തമാക്കുകയുണ്ടായി. ജി.എസ്.ടി. കൗൺസിൽ പാസാക്കിയ ഭേദഗതികൾ സംസ്ഥാനത്തും നടപ്പിലാക്കുന്നതിനായി 2023 ഡിസംബർ മാസത്തിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ ആറുമാസത്തിനു ശേഷമാണ് സമിതി മുൻപാകെ പരിഗണനയ്ക്ക് വന്നിട്ടുള്ളതെന്നും എന്നാൽ എസ്ആർ.ഒ. പ്രാബല്യത്തിൽ വന്നപ്പോൾ തന്നെ അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിനു ശേഷം ആയത്

നടപ്പിലാക്കുന്നതിനു പകരം പ്രാബല്യത്തിൽ വന്ന തീയതി മുതൽ നടപ്പിലാക്കുകയും ഒബ്ജക്ഷനുള്ള അംഗങ്ങൾക്ക് ആയത് അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകാതെ എന്നാൽ ആയത് ആറുമാസത്തിനു ശേഷം സമിതിയുടെ സാധൂകരണത്തിന് കൊണ്ടുവരികയും ചെയ്ത നടപടി ശരിയല്ലെന്ന് സമിതി അംഗം അഭിപ്രായപ്പെട്ടു. ആയതിനെത്തുടർന്ന് കരട് ചട്ടങ്ങൾ/ എസ്.ആർ.ഒ.-കൾ സമിതി മുൻപാകെ സമർപ്പിക്കുന്നതിന് ചട്ടപ്രകാരം നിശ്ചയിച്ചിട്ടുള്ള സമയപരിധി കൃത്യമായും പാലിക്കണമെന്ന് നികുതി വകുപ്പിന് സമിതി നിർദേശം നൽകി.

II ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന

(i) 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

(ഫയൽ നം. 1744/സബ്.സി.ഇ 2/2018/ലെജി.)

[റഫറൻസ് നം. റവ.ബി1/413/2018-റവ. തീയതി 21-5-2024.]

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക നം. 32, 33 എന്നിവയിലെ ശിപാർശകളിന്മേൽ റവന്യൂ (ബി) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികയും കാലതാമസ പത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ii) 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നം. 1810/സബ്.സി.ഇ 2/2020/ലെജി.)

[റഫറൻസ് നം. MW2/51/2021-പൊ.ഭ.വ, തീയതി 10-7-2023]

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക നം. 49-ലെ ശിപാർശയിന്മേൽ പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികയും കാലതാമസ പത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(iii) 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നം. 12979/സബ്.സി.ഇ 2/2021/ലെജി.)

[റഫറൻസ് നം. MW2/51/2021-പൊ.ഭ.വ, തീയതി 10-7-2023]

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക നം. 46-ലെ ശിപാർശയിന്മേൽ പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികയും കാലതാമസ പത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(iv) <u>2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്</u>

(ഫയൽ നം. 12945/സബ്.സി.ഇ 2/2022/ലെജി.)

[റഫറൻസ് നം. PLGEA-B1/152/2022-PLGEA, തീയതി 7-2-2023

[റഫറൻസ് നം. PLGEA-P1/166/2022-PLGEA,തീയതി 21-5-2024]

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക നം. 56,57,58 എന്നിവയിലെ ശിപാർശകളിന്മേൽ ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികയും കാലതാമസ പത്രികയും ഖണ്ഡിക നം. 69-ലെ പൊതു ശിപാർശയിന്മേൽ ആസൂത്രണ സാമ്പത്തിക കാര്യ (പി) വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(v) <u>2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്</u>

(ഫയൽ നം. 5494/സബ്.സി.ഇ 2/2023/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ താഴെപ്പറയുന്ന ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ [നികുതി, ധനകാര്യം, പൊതുഭരണ (ന്യൂനപക്ഷ ക്ഷേമം), റവന്യൂ, സൈനികക്ഷേമം എന്നീ വകുപ്പുകൾ] നിന്നും ലഭ്യമാക്കിയ നടപടി പത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക നം. 7-11

[റഫറൻസ് നം. നികുതി-ജെ3/110/2023-നി.വ. തീയതി 21-5-2024]

ഖണ്ഡിക നം. 12 - 37

[റഫറൻസ് നം. നികുതി-എഫ്3/122/2023-നി.വ. തീയതി 21-5-2024]

ഖണ്ഡിക നം. 46- 52

[റഫറൻസ് നം.TAXES-H1/141/2023-TAXES, തീയതി - 2-5-2024]

ഖണ്ഡിക നം. 38, 39, 40, 54

[റഫറൻസ് നം. 2426974/എച്ച്.ബി.എ 2/31/2023-ധന, തീയതി 8-5-2023]

ഖണ്ഡിക നം. 43, 44

[റഫറൻസ് നം. സി1/43/2023-ധന (2417785) തീയതി 6-6-2023]

ഖണ്ഡിക നം. 41, 42, 62-67

[റഫറൻസ് നം. 2417527/എസ്റ്റാ-ഡി4/41/2023-ധന, തീയതി 7-6-2023]

ഖണ്ഡിക നം. 55

[റഫറൻസ് നം. MW2/131/2021-പൊഭവ, തീയതി 7-9-2023]

ഖണ്ഡിക നം. 56

[റഫറൻസ് നം. റവ-എഫ്2/164/2023-റവ, തീയതി 12-1-2024]

ഖണ്ഡിക നം. 53, 57, 58

[റഫറൻസ് നം.SW3/86/2023-SWD, തീയതി - 3-5-2024]

III. ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കാതെ വന്നതിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ കാലതാമസപത്രികകളുടെ പരിഗണന

(i) 2021-22 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രിക

(ഫയൽ നം. 739/സബ്.സി.ഇ 2/2022/ലെജി.)

[റഫറൻസ് നം. ജെ3/144/2023-നി.വ. തീയതി 20-8-2023]

പ്രസ്തുത സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേൽ നികുതി (ജെ) വകുപ്പ് ലഭ്യമാക്കിയ കാലതാമസപത്രിക സമിതി പരിഗണിക്കുകയും അംഗീകരി ക്കുകയും ചെയ്തു.

(ii) 2022-23 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രിക

(ഫയൽ നം. 890/സബ്.സി.ഇ 2/2023/ലെജി;)

[റഫറൻസ് നം. ഡി3/43/2023/നികുതി, തീയതി 15-9-2023]

[റഫറൻസ് നം. നികുതി-എഫ്3/51/2023/റ്റി.ഡി, തീയതി 13-3-2023]

[റഫറൻസ് നം. ബി1/27/2023-എസ്.വൈ.എ. തീയതി 19-12-2023]

[റഫറൻസ് നം. റവ-എഫ്2/66/2023-റവ. തീയതി 19-1-2024]

പ്രസ്തുത സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേൽ നികുതി (ഡി), (എഫ്), കായികയുവജനകാര്യ(ബി), റവന്യൂ(എഫ്) എന്നീ വകുപ്പുകൾ ലഭ്യമാക്കിയ കാലതാമസപത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 5.35-ന് അവസാനിച്ചു.

2. 2-7-2024- ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവയുടെ ഒരു സംയുക്തയോഗം The Kerala Finance Bill, 2024 പരിഗണിക്കുന്നതിനായി 2024 ജൂലൈ മാസം 2-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനുശേഷം രാത്രി 7.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ ചേരുകയുണ്ടായി. സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനും ബഹു. ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രസ്തുതയോഗത്തിൽ, താഴെപ്പറയുന്ന സമിതി അദ്ധ്യക്ഷന്മാർ/എക്സ്-ഒഫീഷ്യോ അംഗങ്ങളായ വകുപ്പു മന്ത്രിമാരും മറ്റ് സമിതി അംഗങ്ങളും പങ്കെടുത്തിരുന്നു.

1. ശ്രീ. എം. ബി. രാജേഷ്,
   തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി,
   എക്സ്-ഒഫീഷ്യോ അംഗം,
   സബ്ജക്ട് കമ്മിറ്റി VIII.

2. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,
   രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി,
   എക്സ്-ഒഫീഷ്യോ അംഗം,
   സബ്ജക്ട് കമ്മിറ്റി VIII.

3. ശ്രീ. പി. എ. മുഹമ്മദ് റിയാസ് (വീഡിയോ കോൺഫറൻസിംഗ് മുഖേന),
   പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി,
   അദ്ധ്യക്ഷൻ,
   സബ്ജക്ട് കമ്മിറ്റി V.

4. ശ്രീ. കെ. ബി. ഗണേഷ് കുമാർ,
   ഗതാഗത വകുപ്പുമന്ത്രി,
   എക്സ്-ഒഫീഷ്യോ അംഗം,
   സബ്ജക്ട് കമ്മിറ്റി V.

5. ശ്രീ. കെ. കൃഷ്ണൻകുട്ടി,
   വൈദ്യുതി വകുപ്പുമന്ത്രി,
   അദ്ധ്യക്ഷൻ,
   സബ്ജക്ട് കമ്മിറ്റി VII.

<u>ഹാജരായ സമിതി അംഗങ്ങൾ</u>:

<u>സബ്ജക്ട് കമ്മിറ്റി VIII:</u>

1. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
2. ഡോ. കെ. ടി. ജലീൽ
3. ശ്രീ. ഡി. കെ. മുരളി
4. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
5. ശ്രീ. എൻ. ഷംസുദ്ദീൻ
6. ശ്രീ. കെ. വി. സുമേഷ്
7. ശ്രീ. ഇ. കെ. വിജയൻ

<u>സബ്ജക്ട് കമ്മിറ്റി V:</u>

1. ഡോ. എം. കെ. മുനീർ
2. ശ്രീ. കെ. പ്രേംകുമാർ
3. ശ്രീ. പി. പി. സുമോദ്
4. ശ്രീമതി ഉമ തോമസ്

<u>സബ്ജക്ട് കമ്മിറ്റി VII:</u>

1. ശ്രീ. അൻവർ സാദത്ത്
2. ശ്രീ. എ. കെ. എം. അഷ്റഫ്
3. ശ്രീ. എ. പ്രഭാകരൻ
4. ശ്രീ. കെ. കെ. രാമചന്ദ്രൻ
5. ശ്രീ. വാഴൂർ സോമൻ

<u>സബ്ജക്ട് കമ്മിറ്റി XIV:</u>

1. ശ്രീ. വി. ജോയി
2. ശ്രീ. ഇ. ചന്ദ്രശേഖരൻ
3. ശ്രീ. തോമസ് കെ. തോമസ്
4. ശ്രീ. വി. ഡി. സതീശൻ (വീഡിയോ കോൺഫറൻസിംഗ് മുഖേന)

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ഷബാന അഞ്ജും, അഡീഷണൽ സെക്രട്ടറി
2. ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി
3. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി
5. ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി
6. ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി
7. ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. രബീന്ദ്ര കുമാർ അഗർവാൾ, പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
2. ശ്രീ. അജിത് പാട്ടീൽ, കമ്മീഷണർ, കേരള സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്
3. ശ്രീ. എബ്രഹാം റെൻ എസ്., സ്പെഷ്യൽ കമ്മീഷണർ, കേരള സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്
4. ശ്രീ. ബി. പ്രതാപ ചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീമതി പ്രീത ബി. എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീ. എൻ. വി. സന്തോഷ്, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
7. ശ്രീ. മനോജ് കെ., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്
8. ശ്രീ. പ്രമോദ് എം. വി., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്
9. ശ്രീമതി ഷീല എം., ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്
10. ശ്രീ. വിനോദ് ജി., ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
11. ശ്രീ. പ്രമോജ് ശങ്കർ, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ, മോട്ടോർ വാഹന വകുപ്പ്
12. ശ്രീമതി ദീപ എൻ. സി., ഡെപ്യൂട്ടി സെക്രട്ടറി, നികുതി വകുപ്പ്

13. ശ്രീ. പി. കെ. സാജൻ കുമാർ, ജോയിന്റ് ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്

14. ശ്രീമതി പ്രീതി സി. എസ്., ജോയിന്റ് സെക്രട്ടറി, പവർ ഡിപ്പാർട്ടുമെന്റ്

15. ശ്രീമതി ശോഭ റ്റി. സി., സ്റ്റേറ്റ് ടാക്സ് ഓഫീസർ, കേരള സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്

16. ശ്രീ. ശ്രീകാന്ത് കെ. പി., സ്റ്റേറ്റ് ടാക്സ് ഓഫീസർ, കേരള സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്

17. ശ്രീ. ഷാജി മാധവൻ, സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, മോട്ടോർ വാഹന വകുപ്പ്

18. ശ്രീ. ദിനേഷ് കുമാർ, ഡെപ്യൂട്ടി കമ്മീഷണർ, കേരള സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്

19. ശ്രീ. സുനിൽ കുമാർ വി., ഡെപ്യൂട്ടി കമ്മീഷണർ, കേരള സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്

20. ശ്രീമതി സിന്ധു എൽ., ഡെപ്യൂട്ടി കമ്മീഷണർ, കേരള സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്

21. ശ്രീമതി ശ്രീലേഖ വി., ഡെപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്

22. ശ്രീമതി കെ. ബി. മീനാംബിക, സീനിയർ ഫിനാൻസ് ഓഫീസർ, മോട്ടോർ വാഹന വകുപ്പ്

23. ശ്രീമതി ദേവിപ്രിയ ആർ. ജി., ഫിനാൻസ് ഓഫീസർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്

പ്രസ്തുത സംയുക്തയോഗം THE KERALA FINANCE BILL, 2024 ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ആയതിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

The Kerala Stamp Act, 1959, The Kerala Court Fees and Suits Valuation Act, 1959, The Kerala Electricity Duty Act, 1963, The Kerala Motor Vehicles Taxation Act, 1976 എന്നീ നാല് ആക്റ്റുകളിന്മേലുള്ള ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണ് 2024-ലെ കേരള ധനകാര്യ ബിൽ. പ്രസ്തുത ബില്ലിലെ 1, 2, 4, 5, 6, 8, 9, 10, 14, 15, 16,

20, 23 എന്നീ ഖണ്ഡങ്ങളിന്മേൽ നിയമവകുപ്പ് ഔദ്യോഗിക ഭേദഗതികൾ യോഗത്തിൽ അവതരിപ്പിക്കുകയുണ്ടായി. തുടർന്ന് സമിതിയോഗം, ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും നിയമവകുപ്പ് നിർദേശിച്ച ഭേദഗതികളിന്മേൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചുവടെ ചേർത്തിട്ടുള്ള ഭേദഗതികളോടെ 2024-ലെ കേരള ധനകാര്യ ബിൽ അംഗീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

Clause 1

for clause 1, the following clause shall be substituted, namely:—

"(1) *Short title and commencement.*—(1) This Act may be called the Kerala Finance Act, 2024.

(2) Save as otherwise provided in this Act,—

(a) explanation V inserted by clause (b) of sub-section (2) of section 2 shall come into force at once;

(b) Chapter III shall come into force on such date as the Commissioner of State Tax may, by notification in the Official Gazette, appoint;

(c) the remaining provisions of this Act shall be deemed to have come into force on the 1st day of April, 2024." .

Clause 2

(i) in sub-clause (1), for the word "clause" wherever they occur, the words "sub-section" shall be substituted;

(ii) in item (b) of sub-clause (2) after Explanation IV, the following shall be added, namely:—

"Explanation V:— If the lease of property is for the installation of mobile tower, the fair value of the land or the whole rental amount payable, whichever is higher, shall deemed to be the value of the property for assessment of stamp duty.".

(iii) in item (d) for the word "entries", the word "entry" shall be substituted.

Clause 4

(i) in sub-clause (i), for the word “Naya”, the word “Naye” shall be substituted;

(ii) for sub-clause (ii), the following sub-clause shall be substituted, namely:—

“(ii) in the schedule, in item 5 in column (3),—

(a) for the figure and symbols “1.2”, the figure “15” shall be substituted;

(b) after the existing entry, the following exemption shall be inserted, namely:—

Exemption:—The consumers who generated and consumed energy from solar sources are exempted”.

Clause 5

in sub-clause (2), in item (i), the existing items shall be renumbered as items (b), (c) and (d) respectively and before the items so renumbered, the following item shall be inserted, namely:—

“(a) in column (2), the words “registered in Kerala and” shall be omitted.”.

Clause 6

in sub-clause (g), for the words, brackets and figure "clause (24) of section 2" the words and figure "under section 3" shall be substituted.

Clause 8

in the second proviso to sub-clause (1), for the word and figure "section 5", the word and figure "section 9" shall be substituted.

Clause 9

in sub-clause (2), for the words, "paying an amount recalculating the amount recalculated" the words, "recalculating the amount payable" shall be substituted.

Clause 10

(i) in sub-clause (1), for the words, "at the rates", the words "at such rate" shall be substituted;

(ii) for sub-clause (3), the following sub-clause shall be substituted, namely:—

"(3) The demand under sub-section (2) shall be paid by the applicant within sixty days of receipt of the form referred to in sub-section (2), failing which such short paid amount shall be recalculated by way of a reduction in the amount waived, in such manner as may be notified by the Government.".

Clause 14

(i) in sub-clause (1), for the last sentence, the following sentence shall be substituted, namely:—

"In respect of each application separate order and certificate of settlement shall be issued:"

(ii) The existing sub-clause (2) shall be re-numbered as sub -clause (3) and the existing sub-clause (3) shall be re-numbered as sub-clause (2);

(iii) in sub-clause (2) so renumbered, for the words, figure, brackets and symbol "sub-section (1)", the words, figures, brackets and symbol "sub-section (1) or sub-section (2)" shall be substituted.

Clause 15

for clause 15, the following clause shall be substituted, namely:—

"The designated authority on receipt of the application referred to in section 9 may, for reasons other than short payment of amounts as required under the scheme, refuse to settle the arrears of tax, surcharge, interest or penalty in such form and manner as may be prescribed:

Provided that no order under this sub-section shall be passed without giving the applicant a reasonable opportunity to showcause against such refusal".

Clause 16

in clause 16, for the words, symbol and figure "sub-section (2) of section 14 or section 15" the words, symbol and figure "sub-section (3) of section 14 or section 15" shall be substituted.

Clause 20

(i) in sub-clause (1), for the words "revoke the certificate", the words "revoke the certificate and the order" shall be substituted;

(ii) In sub-clause (2), for the words "revocation of a certificate" the words "revocation of a certificate and the order" shall be substituted.

Clause 23

in the proviso to item (g) of sub-clause (2), for the words "clause only", the words and symbol "sub-section only" shall be substituted.

പ്രസ്തുത ബില്ലിലെ വ്യവസ്ഥകളിന്മേൽ സമിതിയംഗങ്ങളായ സർവ്വശ്രീ കെ. ബാബു (തൃപ്പൂണിത്തുറ), എൻ. ഷംസുദ്ദീൻ, വി. ഡി. സതീശൻ, അൻവർ സാദത്ത്, എ. കെ. എം. അഷ്റഫ്, ഡോ. എം. കെ. മുനീർ എന്നിവരും ശ്രീമതി ഉമ തോമസും വിയോജിപ്പ് രേഖപ്പെടുത്തി.

പ്രസ്തുത സംയുക്തയോഗാനന്തരം സബ്ജക്ട് കമ്മിറ്റി VIII, സമിതിയുടെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവയുടെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം രാത്രി 8.20-ന് പിരിഞ്ഞു.

3. 10-10-2024- ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII, 2024 ഒക്ടോബർ മാസം 10-ാം തീയതി വ്യാഴാഴ്ച സഭാസമ്മേളനത്തിനു ശേഷം വൈകുന്നേരം 4.10-ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ബഹു. ധനകാര്യ വകുപ്പു മന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ്, രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവരും താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
2. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
3. ശ്രീ. എൻ. ഷംസുദ്ദീൻ
4. ശ്രീ. കെ. വി. സുമേഷ്

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. അജിത്കുമാർ വി. ഒ., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീമതി ശ്രീധന്യ സുരേഷ്, ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ്
2. ശ്രീ. മഹിപാൽ യാദവ്, എക്സൈസ് കമ്മീഷണർ, എക്സൈസ് വകുപ്പ്
3. ശ്രീ. അജിത് പട്ടീൽ, കമ്മീഷണർ ഓഫ് സ്റ്റേറ്റ് ടാക്സ്
4. ശ്രീ. എബ്രഹാം റെൻ എസ്., സ്പെഷ്യൽ കമ്മീഷണർ ഓഫ് സ്റ്റേറ്റ് ടാക്സ്
5. ശ്രീ. വി. സാജൻ, ഡയറക്ടർ, ട്രഷറി വകുപ്പ്
6. ശ്രീ. ബി. ദിനേശ് കുമാർ, ഡെപ്യൂട്ടി കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്

7. ശ്രീ. സി. എം. അജയമോഹൻ, സ്പെഷ്യൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്

8. ശ്രീ. ബി. രാധാകൃഷ്ണൻ, ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, എക്സൈസ് വകുപ്പ്

9. ശ്രീ. ശ്രീകുമാർ ബി., ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

10. ശ്രീ. അനിൽകുമാർ സി., അസിസ്റ്റന്റ് ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്

11. ശ്രീമതി ശോഭ റ്റി. സി., സ്റ്റേറ്റ് ടാക്സ് ഓഫീസർ, ചരക്കുസേവന നികുതി വകുപ്പ്

12. ശ്രീ. ശ്രീകാന്ത് കെ. പി., സ്റ്റേറ്റ് ടാക്സ് ഓഫീസർ, ചരക്കുസേവന നികുതി വകുപ്പ്

13. ശ്രീ. മനോജ് എസ്., ഫിനാൻസ് ഓഫീസർ, എക്സൈസ് വകുപ്പ്

14. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

15. ശ്രീ. ഹരികുമാർ ജി., അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്

16. ശ്രീ. ആർ. എൽ. ഗോപകുമാർ, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്

17. ശ്രീ. പ്രമോദ് എം. വി., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്

18. ശ്രീമതി ശ്രീകല എസ്. പണിക്കർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

19. ശ്രീമതി മിനി എം. ആർ., ജോയിന്റ് സെക്രട്ടറി, ന്യൂനപക്ഷക്ഷേമ വകുപ്പ്

20. ശ്രീമതി രജനി എം., ഡെപ്യൂട്ടി സെക്രട്ടറി, നികുതി വകുപ്പ്

21. ശ്രീമതി സിനി ഐ., സീനിയർ സൂപ്രണ്ട്, O/o. ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ.

പ്രസ്തുത യോഗത്തിൽ, ഗവൺമെന്റിൽ നിന്നും സമിതിയുടെ സാധൂകരണത്തിനായി ലഭ്യമാക്കിയ എസ്. ആർ. ഒ- കൾ, ധനാഭ്യർത്ഥനകളുടെ പരിശോധന റിപ്പോർട്ടുകളിലെ ശിപാർശകളിൻമേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കുവാൻ കാലതാമസം വരുത്തിയതിൻമേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ കാലതാമസപത്രികകൾ, എന്നിവ സമിതി പരിഗണിക്കുകയും ചുവടെ ചേർത്തിരിക്കുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I. ചട്ടങ്ങളുടെ സാധൂകരണം

1. എസ്.ആർ.ഒ നം. 379/2024 (The Kerala Goods and Services Tax (Amendment) Rules, 2024)

(ഫയൽ നം. 7080/സബ്.സി.ഇ 2/2021/ലെജി.)

(റഫറൻസ് നം.ബി1/180/2023/റ്റി.ഡി.തീയതി, 23-4-2024 & 25-6-2024)

2017-ലെ കേരള ചരക്ക് സേവന നികുതി നിയമത്തിലെ ചില പോരായ്മകൾ പരിഹരിക്കാനായി ജി.എസ്.ടി. കൗൺസിൽ നിർദേശിച്ച ശിപാർശകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ ഭേദഗതിചട്ടമെന്നും അതിൽ പ്രധാനപ്പെട്ടത് ഓൺലൈൻ ഗെയിമിംഗിന്റെ ടാക്സ് വാല്യുവേഷൻ, രജിസ്ട്രേഷൻ എന്നിവയുമായി ബന്ധപ്പെട്ട് വരുത്തിയ ഭേദഗതികളാണെന്നും സ്പെഷ്യൽ കമ്മീഷണർ, സ്റ്റേറ്റ് ടാക്സ് വകുപ്പ് സമിതിയെ അറിയിച്ചു.

ഇന്ത്യയ്ക്ക് പുറത്തുനിന്നുള്ള കമ്പനികൾ ഇന്ത്യയ്ക്കകത്ത് ഓൺലൈൻ ഗെയിമിംഗ് ബിസിനസ് ചെയ്യുമ്പോൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള വ്യവസ്ഥകളും, കസിനോകളിൽ നടക്കുന്നതുൾപ്പടെയുള്ള ഓൺലൈൻ ഗെയിമിംഗുകളുടെ ട്രാൻസാക്ഷന്റെ മൂല്യനിർണയം, ഓൺലൈൻ ഗെയിമിംഗിനുള്ള ടാക്സ് ഇൻവോയിസ് ജനറേറ്റ് ചെയ്യുന്നതിനുള്ള പ്രൊവിഷൻ, റിട്ടേൺ സമർപ്പണം, കമ്പനികൾക്ക് സ്വിഫ്റ്റ് പേമെന്റ് സംവിധാനത്തിലൂടെ ടാക്സ് അടയ്ക്കാനുള്ള വ്യവസ്ഥ എന്നിങ്ങനെയും അനുബന്ധ ഫോമുകളിലും വരുത്തിയിട്ടുള്ള ഭേദഗതികളാണ് പുതിയ വിജ്ഞാപനം പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതെന്ന് സ്പെഷ്യൽ കമ്മീഷണർ, സ്റ്റേറ്റ് ടാക്സ് വകുപ്പ് വിശദീകരിച്ചു.

കേരളത്തിൽ ഓൺലൈൻ ഗെയിമിംഗ് അനുവദനീയമല്ലാത്ത സാഹചര്യത്തിൽ ഈ ചട്ടം പാസ്സാക്കുന്നത് വഴി ഓൺലൈൻ ഗെയിമിംഗ് കേരളത്തിൽ അനുവദനീയമാകുന്നുവെന്നാണ് മനസ്സിലാകുന്നതെന്ന് സമിതിയംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു. Online Information Database Access and Retrieval services (OIDAR) സേവനത്തിന്റെ പരിധിയിലാണ് ഓൺലൈൻ ഗെയിം ഉൾപ്പെടുന്നതെന്നും വിദേശ കമ്പനികളുടെ ഗെയിമിന് ഇന്ത്യയിൽ ഉപഭോക്താക്കളുണ്ടാകുന്ന സാഹചര്യത്തിൽ OIDAR സേവനത്തിന് ഇന്ത്യയിൽ പ്രാധാന്യം വരുന്നതിനാലാണ് കേന്ദ്ര ജി.എസ്.ടി. നിയമത്തിൽ ഇത്തരമൊരു ഭേദഗതി വന്നതെന്നും, കേന്ദ്ര ജി.എസ്.ടി. നിയമത്തിലെ എല്ലാ വ്യവസ്ഥകളും ഉൾപ്പെടുത്തി സംസ്ഥാനങ്ങളും ആക്ട് രൂപീകരിക്കണമെന്നുള്ളതു കൊണ്ടാണ് ഇതനുസരിച്ച് ഭേദഗതികൾ വരുത്തിയിട്ടുള്ളതെന്നും നിയമപ്രകാരം ടാക്സേഷൻ ഏത് വിധത്തിലായിരിക്കണമെന്ന് മാത്രമാണ് ഭേദഗതിയിലൂടെ സൂചിപ്പിക്കുന്നതെന്നും സ്പെഷ്യൽ കമ്മീഷണർ വ്യക്തമാക്കി.

ഓൺലൈൻ ഗെയിം കേരളത്തിലും തമിഴ്നാട്ടിലും അനുവദനീയമല്ല പക്ഷേ, ഓൺലൈൻ ഗെയിം നിയന്ത്രിക്കാനുള്ള വകുപ്പുകൂടി കേന്ദ്രനിയമത്തിൽ ഉൾപ്പെടുത്താൻ ജി.എസ്.ടി. കൗൺസിൽ തീരുമാനമെടുത്തതിനെത്തുടർന്നാണ് സംസ്ഥാനനിയമത്തിൽ ഭേദഗതി വരുത്താൻ ചട്ടഭേദഗതി കൊണ്ടുവന്നിട്ടുള്ളതെന്നും ഈ വിഷയം ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ വിശദമായ ചർച്ച നടന്നിട്ടുള്ളതും ഓൺലൈൻ ഗെയിമിംഗ് അനുവദിക്കാൻ കഴിയില്ലെന്ന തീരുമാനം കൗൺസിൽ യോഗത്തിൽ വ്യക്തമായി അറിയിച്ചിട്ടുള്ളതാണെന്നും ഭേദഗതി ചട്ടം പുറപ്പെടുവിക്കുന്നതുകൊണ്ട് കേരളത്തെ ഇത് യാതൊരു തരത്തിലും ബാധിക്കുകയില്ലെന്ന വിദഗ്ധാഭിപ്രായമാണ് ലഭിച്ചിട്ടുള്ളതെന്നും സമിതി ചെയർമാൻ വ്യക്തമാക്കി. നികുതി സംബന്ധിച്ച കാര്യങ്ങളും അതിന്റെ നിയമസാധുതയും രണ്ടും രണ്ടാണെന്നും ഓൺലൈൻ ഗെയിമുകൾ നിരോധിക്കണോ തുടരണോ എന്നുള്ളത് അതത് സംസ്ഥാന സർക്കാരുകൾക്ക് തീരുമാനിക്കാവുന്നതാണെന്നും കേന്ദ്ര റവന്യൂ സെക്രട്ടറി ജി.എസ്.ടി. കൗൺസിലിൽ വിശദമാക്കിയിട്ടുള്ളതാണെന്നും സ്പെഷ്യൽ കമ്മീഷണറും കൂട്ടിച്ചേർത്തു.

ഈ നിയമം ഗെയിമുകൾ നിയന്ത്രിക്കാനുള്ള സംസ്ഥാനത്തിന്റെ അവകാശത്തെ യാതൊരു വിധത്തിലും ഹനിക്കുന്നില്ലെന്നും സർക്കാരിന് ഒരു നിയമം പാസ്സാക്കി ഈ ഗെയിമുകളെ നിരോധിക്കാവുന്നതാണെന്നും ഓൺലൈൻ ഗെയിമിംഗിന്റെ ടാക്സ് ഷെയറിംഗ് സംബന്ധിച്ച് മാത്രമേ ഭേദഗതിയിൽ സൂചിപ്പിക്കുന്നുള്ളൂവെന്നും 1960-ലെ കേരള ഗെയിമിംഗ് ആക്ട് പ്രകാരം, നോട്ടിഫിക്കേഷൻ വഴി ഓൺലൈൻ ഗെയിം നിരോധിച്ചിട്ടുണ്ടെന്നും ജി.എസ്.ടി. ആക്ട് നിലവിൽ വന്നാലും ഓൺലൈൻ ഗെയിം നിരോധിക്കാനുള്ള സംസ്ഥാനത്തിന്റെ അവകാശം ഈ ഭേദഗതിമൂലം നഷ്ടപ്പെടുന്നില്ലായെന്നും സംസ്ഥാനം ഓൺലൈൻ ഗെയിം നിരോധിച്ചതിനെതിരെ നിലവിൽ സുപ്രീം കോടതിയിൽ പെൻഡിംഗിലുള്ള കേസ് കേരള ഗെയിമിംഗ് ആക്ടുമായി ബന്ധപ്പെട്ടതാണെന്നും ജി.എസ്.ടി. ആക്ടുമായി ബന്ധപ്പെട്ടതല്ലെന്നും ഈ വിഷയത്തിൽ നിയമവകുപ്പും വ്യക്തമാക്കി.

കേരളത്തിൽ ഓൺലൈൻ ഗെയിം നിരോധിക്കാൻ നയപരമായി തീരുമാനമെടുത്തിട്ടുള്ളതാണെന്നും ഈ സാഹചര്യത്തിൽ അതിന്റെ നികുതി നിരക്ക് തീരുമാനിക്കുന്നത് വൈരുദ്ധ്യമാണെന്നും എന്നുമാത്രമല്ല ആയത് നിയമവിരുദ്ധമാണെന്നും സമിതിയംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു. സംസ്ഥാന ഗവൺമെന്റ് നിരോധിത ഇനമായി തീരുമാനിച്ച ഓൺലൈൻ ഗെയിമിന് സംസ്ഥാനംതന്നെ നികുതി നിശ്ചയിച്ച് എസ്.ആർ.ഒ. പുറപ്പെടുവിച്ചിട്ടുള്ളത് നിയമത്തിന് വിരുദ്ധമാണെന്നും ആയതിനാൽ പ്രസ്തുത എസ്.ആർ.ഒ-യ്ക്ക് സാധൂകരണം നൽകുന്നതിൽ വിയോജിപ്പ് രേഖപ്പെടുത്തുന്നതായി സമിതി അംഗങ്ങളായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. എൻ. ഷംസുദ്ദീൻ എന്നിവർ സമിതിയിൽ അറിയിച്ചു.

'ഒരു രാജ്യം ഒരു നികുതി' എന്നതാണ് ജി.എസ്.ടി. ഏർപ്പെടുത്തിയതിലൂടെ ലക്ഷ്യമിടുന്നത്. അതിൽ നിന്നും കേരളത്തിന് മാത്രമായി മാറി നിൽക്കാൻ കഴിയില്ല. കേരള നിയമസഭ പാസ്സാക്കിയ 2024-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമ ഭേദഗതിക്കനുസൃതമായ ചട്ടമാണ് സാധൂകരണത്തിന് വന്നിട്ടുള്ളത്.

ചട്ടപ്രകാരം നികുതി സ്വീകരിക്കുന്നത് കൊണ്ടു മാത്രം ഓൺലൈൻ ഗെയിമിംഗ് ലീഗലൈസ് ചെയ്യപ്പെടുന്നില്ല. മാത്രവുമല്ല ഓൺലൈൻ ഗെയിമിംഗ് ഏത് സമയത്തും നിരോധിക്കാൻ സംസ്ഥാന സർക്കാരിന് അവകാശമുണ്ടെന്ന് ജി.എസ്.ടി. കൗൺസിൽ മിനിറ്റ്സിലും അവിടെ നടന്ന ചർച്ചകളിൽ നിന്നും വ്യക്തമായിട്ടുണ്ട്.

സമാനമായ സാഹചര്യം ലോട്ടറിയുടെ കാര്യത്തിൽ പല സംസ്ഥാനങ്ങളിലും ഉണ്ട്. ലോട്ടറിയുടെ ജി.എസ്.ടി. നിരക്ക് ഇന്ത്യ ഒട്ടാകെ നോട്ടിഫൈ ചെയ്തിട്ടുണ്ടെങ്കിലും പല സംസ്ഥാനങ്ങളിലും ലോട്ടറി നിയമവിരുദ്ധമാണ്. അത്തരം സംസ്ഥാനങ്ങളിൽ ജി.എസ്.ടി. നിരക്ക് നിലവിൽ ഉള്ളത് കൊണ്ട് മാത്രം ലോട്ടറി നിയമവിധേയമായിട്ടില്ല.

തുടർന്ന് സമിതി പ്രസ്തുത എസ്.ആർ.ഒ.-യുടെ പരിഗണന പൂർത്തിയാക്കുകയും എസ്.ആർ.ഒ.-യ്ക്ക് സാധൂകരണം നൽകാൻ തീരുമാനിക്കുകയും ചെയ്തു.

2. എസ്.ആർ.ഒ നം. 343/2024 (The Kerala General Sales Tax (Second Amendment) Rules, 2024)

3. എസ്.ആർ.ഒ നം. 344/2024 (The Kerala Value Added Tax(Second Amendment) Rules, 2024)

4. എസ്.ആർ.ഒ നം.346/2024 ((The Central Sales Tax (Kerala) (Amendment) Rules, 2024)

(ഫയൽ നം. 7167/സബ്.സി.ഇ 2/2024/ലെജി.)

(റഫറൻസ് നം. ബി1/24/2024/റ്റി.ഡി.,തീയതി -23-4-2024 & 25-6-2024)

എണ്ണക്കമ്പനികൾ നികുതി ഒടുക്കേണ്ട തീയതിയിൽ മാറ്റം വരുത്തുന്നതിനായി 1963-ലെ കേരള പൊതുവില്പന നികുതി നിയമം, 2003-ലെ കേരള മൂല്യ വർദ്ധിത നികുതി നിയമം, 1956-ലെ കേന്ദ്ര വിൽപ്പന നികുതി നിയമം എന്നിവയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച പ്രസ്തുത എസ്.ആർ.ഒ.-കൾ സമിതി പരിഗണിക്കുകയും അവയ്ക്ക് സാധൂകരണം നൽകാൻ തീരുമാനിക്കുകയും ചെയ്തു.

5. എസ്.ആർ.ഒ നം. 1062/2023 (The Kerala Goods and Services Tax (Fourth Amendment) Rules, 2023)

(ഫയൽ നം. 7586/സബ്.സി.ഇ 2/2024/ലെജി.)

(റഫറൻസ് നം. ബി1/151/2023/റ്റി.ഡി.,തീയതി -2-5-2024 &25-6-2024)

ആധാർ ഓതന്റിക്കേഷൻ കൊണ്ടുവരുന്നതിനും ജി.എസ്.ടി. രജിസ്ട്രേഷൻ സമയത്ത് ബാങ്ക് അക്കൗണ്ട് വിവരങ്ങൾ കൃത്യമായി ലഭ്യമാക്കാത്തവരുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനും സംസ്ഥാനത്തിന്റെ ആവശ്യപ്രകാരം, ഓൺലൈൻ ഗെയിമിംഗിന്റെയും ഇ-കൊമേഴ്സ് ഓപ്പറേറ്ററിന്റെയും റിട്ടേൺ ഫയൽ ചെയ്യുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഭേദഗതി ചട്ടമാണിതെന്ന് സ്റ്റേറ്റ് ടാക്സ് സ്പെഷ്യൽ കമ്മീഷണർ അറിയിച്ചു. ഇ-കൊമേഴ്സ് ഓപ്പറേറ്ററിന് റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള പ്രൊവിഷൻ ഉൾപ്പെടുത്തിയതുവഴി ആമസോൺ, ഫ്ലിപ്കാർട്ട് പോലുള്ള കമ്പനികളിലൂടെ സാധനങ്ങൾ കേരളത്തിലേയ്ക്ക് സപ്ലൈ ചെയ്യുമ്പോൾ കേരളത്തിന് നികുതി കിട്ടുന്നുണ്ടെന്ന് ഉറപ്പുവരുത്താനാകുമെന്നും സ്പെഷ്യൽ കമ്മീഷണർ വ്യക്തമാക്കി.

ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തെറ്റായി രേഖപ്പെടുത്തിയാൽ അത് പരിഷ്ക്കരിക്കുന്നതിനായി ചട്ടത്തിൽ പുതുതായി വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ജി.എസ്.ടി. നിയമത്തിന്റെ കീഴിലുള്ള വിവിധ റീഫണ്ടുകൾ, റീഫണ്ടുകളുടെ പലിശ എന്നിവ കണക്കാക്കുന്നതിൽ വ്യക്തത വരുത്തിക്കൊണ്ടും അപ്പീലുകൾ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുമുള്ള ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ടെന്നും സ്പെഷ്യൽ കമ്മീഷണർ അറിയിച്ചു.

ഓൺലൈൻ വ്യാപാരം വന്നതോടുകൂടി മറ്റു വ്യാപാരികളുടെ സ്ഥിതി ദയനീയമാണെന്നും പ്രസ്തുത വ്യാപാരികൾക്ക് പ്രത്യേക പരിരക്ഷ ഉറപ്പാക്കുന്നതിനുള്ള പ്രൊവിഷൻ ചട്ടത്തിലുണ്ടോയെന്നും സമിതി ആരാഞ്ഞു. മറ്റൊരു സംസ്ഥാനത്തുനിന്നും കേരളത്തിലേയ്ക്ക് ഉല്പന്നങ്ങൾ വിൽക്കുന്നയാൾ നികുതി വെട്ടിച്ച് വിൽക്കുകയും അത് കേരളത്തിലെ വ്യാപാരികൾക്ക് മാർക്കറ്റ് നഷ്ടപ്പെടുന്നതിനിടയാക്കുന്ന സാഹചര്യമുള്ളത് ഐ.ജി.എസ്.ടി. ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പരിശോധന നടത്തുകയും ഇത്തരത്തിലുള്ള അപാകതകൾ ജി.എസ്.ടി. കൗൺസിൽ മുൻപാകെ അവതരിപ്പിക്കുകയും മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് സാധനങ്ങൾ വിൽക്കുന്ന വ്യാപാരി, അതിന്റെ ടാക്സ് അതത് സംസ്ഥാനത്തുനിന്നുതന്നെ അടച്ച് റിട്ടേൺ ഫയൽ ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ഭേദഗതിയാണ് ചട്ടത്തിൽ വരുത്തിയിരിക്കുന്നതെന്നും ഇത് നടപ്പാക്കുന്നതിലൂടെ കേരളത്തിലെ വ്യാപാരിയും ഇതര സംസ്ഥാന വ്യാപാരിയും ഒരേ തട്ടിലെത്തുന്നതാണെന്നും ഇ-കൊമേഴ്സ് ഓപ്പറേറ്ററിലൂടെ സാധനങ്ങൾ വിൽക്കുമ്പോൾ ഇ-കൊമേഴ്സ് ഓപ്പറേറ്റർ തന്നെ ഏത് സംസ്ഥാനത്തേയ്ക്കാണ് സാധനം വിറ്റതെന്ന വിവരം വ്യാപാരിയുടെ റിട്ടേണിലേയ്ക്ക് നിർബന്ധമായി രേഖപ്പെടുത്തൽ വരുന്ന തരത്തിലാണ് ചട്ടത്തിൽ വ്യവസ്ഥ കൊണ്ടുവന്നിട്ടുള്ളതെന്നും സ്പെഷ്യൽ കമ്മീഷണർ വിശദമാക്കി.

തുടർന്ന് സമിതി, പ്രസ്തുത എസ്.ആർ.ഒ.-യ്ക്ക് സാധൂകരണം നൽകാൻ തീരുമാനിച്ചു.

6. എസ്.ആർ.ഒ നം. 663/2024 (The Kerala Amnesty Rules,2024)

(ഫയൽനം.14498/സബ്.സി.ഇ 2/2024/ലെജി.)

(റഫറൻസ് നം. ബി1/116/2024/റ്റി.ഡി.,തീയതി -14-8-2024)

പ്രസ്തുത എസ്.ആർ.ഒ. സമിതി പരിഗണിക്കുകയും ആയതിന് സാധൂകരണം നൽകാൻ തീരുമാനിക്കുകയും ചെയ്തു.

7. എസ്.ആർ.ഒ. നം. 696/2024 (The Kerala Chit Funds (Amendment) Rules, 2024)

(ഫയൽനം.14609/സബ്.സി.ഇ 2/2024/ലെജി.)

(റഫറൻസ് നം. സി3/54/2022-നി.വ.,തീയതി -16-8-2024 & 25-9-2024)

ചിട്ടി ഫോർമാനും ചിട്ടി വരിക്കാരനും തമ്മിലുള്ള ചിട്ടി എഗ്രിമെന്റിൽ ഇ-സിഗ്നേച്ചർ സംവിധാനം നടപ്പിലാക്കുന്നതിനായുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചാണ് ഭേദഗതി ചട്ടം കൊണ്ടുവന്നിരിക്കുന്നതെന്നും സംസ്ഥാനത്തെ മുഴുവൻ ചിട്ടിയും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് കൊണ്ടുവരുന്നതിനായി കെ-ഡിസ്ക് മുഖാന്തരം സോഫ്റ്റ്‌വെയർ വിപുലീകരിക്കുകയാണെന്നും ആയത് നടപ്പാക്കുന്നതോടുകൂടി ഇ-സൈൻ പ്രാവർത്തികമാക്കുവാൻ കഴിയുമെന്നും ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ് വിശദമാക്കി.

പ്രസ്തുത എസ്.ആർ.ഒ. പരിഗണിച്ച സമിതി, ആയതിന് സാധൂകരണം നൽകാൻ തീരുമാനിച്ചു.

8. എസ്.ആർ.ഒ നം. 584/2024 (The Kerala Foreign Liquor (Compounding, Blending and Bottling) (Amendment) Rules, 2024)

(ഫയൽ നം. 21600/സബ്.സി.ഇ 2/2021/ലെജി.)

(റഫറൻസ് നം. ജി3/134/2020-നികുതി,തീയതി -25-2-2022 & 17-7-2024)

പ്രസ്തുത എസ്.ആർ.ഒ. സമിതി പരിഗണിക്കുകയും സാധൂകരണം നൽകാൻ തീരുമാനിക്കുകയും ചെയ്തു.

II. **ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിൻമേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളുടെ പരിഗണന**

(i) 2023-2024 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്- തുടർനടപടി സംബന്ധിച്ച്

(ഫയൽനം.5494/സബ്.സി.ഇ 2/2023/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക നം. 59, 60, 61 എന്നിവയിലെ ശിപാർശകളിമേൽ ആസൂത്രണ സാമ്പത്തിക കാര്യ (ബി) വകുപ്പ് 24-8-2024-ലെ കത്ത് പ്രകാരവും ഖണ്ഡിക നം. 45-ലെ ശിപാർശയിൻമേൽ പൊതുഭരണ (പ്രോട്ടോക്കോൾ) വകുപ്പ് 23-9-2024-ലെ കത്ത് പ്രകാരവും ലഭ്യമാക്കിയ നടപടി പത്രികകളും കാലതാമസ പത്രികകളും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ii) 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്
(ഫയൽനം.12945/സബ്.സി.ഇ 2/2022/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക നം. 53-ലെ ശിപാർശയിൻമേൽ പൊതുഭരണ (ന്യൂനപക്ഷക്ഷേമം) വകുപ്പ് 5-9-2023, 16-11-2023 തീയതികളിലെ കത്ത് പ്രകാരം

ലഭ്യമാക്കിയ നടപടി പത്രികയും കാലതാമസ പത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(iii) 2017-2018 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

(ഫയൽനം. 2532/സബ്.സി.ഇ 2/2017/ലെജി.)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക നം. 37-ലെ ശിപാർശയിൻമേൽ റവന്യൂ (ബി) വകുപ്പ് 5-9-2024-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടി പത്രികയും കാലതാമസ പത്രികയും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

III. ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ യഥാസമയം സഭയിൽ സമർപ്പിക്കാതെ വന്നതിൻമേൽ വകുപ്പ് ലഭ്യമാക്കിയ കാലതാമസ പത്രികകളുടെ പരിഗണന

2023-2024 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച്

(ഫയൽ നം. 274/സബ്.സി.ഇ 2/2024/ലെജി.)

2023-2024 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ടിൻമേൽ നികുതി (ജെ) വകുപ്പ് 5-9-2024-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ കാലതാമസപത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

IV. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയൽ വിഷയം

2021- ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ആക്റ്റിൻമേലുള്ള കരട് ചട്ടം നാളിതുവരെ ലഭ്യമാക്കാത്തത് സംബന്ധിച്ച്.

(ഫയൽനം.147/സബ്.സി.ഇ 2/2022/ലെജി.)

2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ആക്റ്റിൻമേലുള്ള കരട് ചട്ടം നാളിതുവരെ ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് വിശദീകരണം ആരാഞ്ഞു. കള്ള് വ്യവസായ വികസന ബോർഡ് ആക്റ്റ് 2021-ൽ നിലവിൽ വന്നെങ്കിലും, ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ള ഉത്തരവ് കൂടി ഉൾപ്പെടുത്തി റൂൾ രൂപീകരിക്കാനാണ് നിർദേശം ലഭിച്ചതെന്നും തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിൽ നിന്നും ഫയൽ ലഭിച്ചിട്ടുണ്ടെന്നും ആയതിന് കാബിനറ്റിന്റെ അംഗീകാരം ലഭ്യമാക്കിയശേഷം ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും യോഗത്തിൽ ഹാജരായ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ സമിതിയെ അറിയിച്ചു.

ചട്ടം രൂപീകരിക്കുന്ന നടപടികൾ ത്വരിതപ്പെടുത്തേണ്ടതും കരട് ചട്ടം സമിതിയുടെ പരിഗണനയ്ക്കായി എത്രയും പെട്ടെന്ന് ലഭ്യമാക്കണമെന്നും സമിതി വകുപ്പിന് നിർദേശം നൽകി.

യോഗം വൈകുന്നേരം 4.45-ന് അവസാനിച്ചു.

4. 18-2-2025-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2025 ഫെബ്രുവരി മാസം 18-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ബഹു. ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തിരുന്നു.

1. ഡോ. കെ. ടി. ജലീൽ
2. ശ്രീ. ഡി. കെ. മുരളി
3. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ഓൺലൈൻ മുഖേന)
4. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
5. ശ്രീ. എൻ. ഷംസുദ്ദീൻ
6. ശ്രീ. കെ. വി. സുമേഷ് (ഓൺലൈൻ മുഖേന)
7. ശ്രീ. ഇ. കെ. വിജയൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ഡോ. എ. ജയതിലക്, അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
2. ശ്രീമതി ശ്രീലക്ഷ്മി ആർ., അഡീഷണൽ കമ്മീഷണർ, കേരള സംസ്ഥാന ചരക്ക്സേവന നികുതി വകുപ്പ്
3. ശ്രീ. അബ്ദുൾ നാസർ ബി., സ്പെഷ്യൽ സെക്രട്ടറി, ന്യൂനപക്ഷക്ഷേമ വകുപ്പ്
4. ശ്രീ. ഹരികുമാർ ജി., അഡീഷണൽ സെക്രട്ടറി, പൊതുഭരണ (പ്രോട്ടോക്കോൾ) വകുപ്പ്
5. ശ്രീമതി ലതാകുമാരി എം. ബി., അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

6. ശ്രീ. റ്റി. ആർ. ജയപാൽ, അഡീഷണൽ സെക്രട്ടറി, റവന്യൂ (എഫ്) വകുപ്പ്
7. ശ്രീ. മുഹമ്മദ് റിയാസ്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ (സൈനിക ക്ഷേമ) വകുപ്പ്
8. ശ്രീ. ശ്രീനി ജി., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
9. ശ്രീ. പ്രതീപ് കുമാർ ബി., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
10. ശ്രീമതി കൃഷ്ണപ്രിയ ഡി., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
11. ശ്രീമതി മിനിമോൾ കെ. ജി., ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്
12. ശ്രീ. വി. സാജൻ, ഡയറക്ടർ, ട്രഷറി വകുപ്പ്
13. ശ്രീ. ശ്രീകുമാർ ബി., ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
14. ശ്രീ. മനു എസ്., ഡയറക്ടർ, ധനകാര്യ (ദേശീയ സമ്പാദ്യപദ്ധതി) വകുപ്പ്
15. ശ്രീ. സച്ചിൻ യാദവ്, ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്
16. ശ്രീമതി ഷീബാറാണി, ഡയറക്ടർ-ഇൻ-ചാർജ്, സൈനികക്ഷേമ വകുപ്പ്
17. ശ്രീ. വിനോദ് ജി., ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
18. ശ്രീ. മനോജ് കെ., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്
19. ശ്രീമതി പ്രീതി സി. എസ്., ജോയിന്റ് സെക്രട്ടറി, ഊർജ വകുപ്പ്
20. ശ്രീമതി ബി. ഷഫീന., ജോയിന്റ് സെക്രട്ടറി ധനകാര്യ (എക്സ്പെൻഡീച്ചർ) വകുപ്പ്
21. ശ്രീ. മനോജ് കുമാർ പി. എൻ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
22. ശ്രീമതി ടിക്സി എസ്. നെൽസൺ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
23. ശ്രീ. ജയറാം കുമാർ ആർ., ജോയിന്റ് സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ്
24. ശ്രീ. സുരേഷ് കുമാർ ഒ. ബി., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
25. ശ്രീ. അജിത് കുമാർ. പി., അഡീഷണൽ ഡയറക്ടർ, ധനകാര്യ (ദേശീയ സമ്പാദ്യ പദ്ധതി) വകുപ്പ്

26. ശ്രീമതി മായ എൻ. പിള്ള, ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്

27. ശ്രീമതി ബുഷ്റ എസ്. ദീപ, ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്

28. ശ്രീ. അജീഷ് കെ. അസിസ്റ്റന്റ് കമ്മീഷണർ, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്

29. ശ്രീ. കെ. ജെ. ജോസഫ്, ഡയറക്ടർ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഗിഫ്റ്റ്)

30. ശ്രീമതി സ്മിത എം., ഫിനാൻസ് ഓഫീസർ, സൈനികക്ഷേമ വകുപ്പ്

31. ശ്രീമതി ദേവിപ്രിയ ആർ. ജി., ഫിനാൻസ് ഓഫീസർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

32. ശ്രീ. ബിനു എൻ. നായർ, ഫിനാൻസ് ഓഫീസർ, കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്

33. ശ്രീമതി സ്മിത സത്യൻ എം. എസ്., ഫിനാൻസ് ഓഫീസർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്

34. ശ്രീമതി ലൗലി ദാസ് എ., അഡീഷണൽ ഡിസ്ട്രിക്ട് ലോട്ടറി ഓഫീസർ, കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്

35. ശ്രീമതി വഹീദ പി., സെക്രട്ടറി, കേരള വാല്യൂ ആഡഡ് ടാക്സ്/ അഗ്രികൾച്ചറൽ ഇൻകം ടാക്സ് & സെയിൽസ് ടാക്സ് അപ്പലേറ്റ് ട്രൈബ്യൂണൽ എറണാകുളം

36. ശ്രീ. എ. ഹബീബ്, ഡിവിഷണൽ വഖഫ് ഓഫീസർ, വഖഫ് ബോർഡ്

37. ശ്രീ. സനൽ എം. ആർ., അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ, കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്.

സമിതി, 2025-2026 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള V, X, XI, XVI, XXVIII, XLV, XLVI എന്നീ നമ്പർ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി പ്രസ്തുത ധനാഭ്യർത്ഥനകളിന്മേൽ വകുപ്പുകളിൽ നിന്ന്‌ലഭിച്ച കുറിപ്പുകൾ പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ശിപാർശകൾ/നിർദേശങ്ങൾ നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ V—ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും

2040-00-101-98—വിൽപന നികുതി അപ്പലേറ്റ് ട്രൈബ്യൂണൽ

00-45—പി.ഒ.എൽ.

പി.ഒ.എൽ. ഇനത്തിൽ 2024-25 സാമ്പത്തിക വർഷത്തെ കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് ഈ ഇനത്തിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 2.40 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

06—വാടക, കരം, നികുതി

ട്രൈബ്യൂണൽ ചെയർമാന്റെയും ജൂഡീഷ്യൽ മെമ്പർമാരുടെയും ഓഫീസ് വാടക കുടിശ്ശിക കൊടുത്തു തീർക്കാനുള്ളതുൾപ്പെടെ നടപ്പ് വർഷത്തിൽ 22 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ വാടക ഇനത്തിൽ 3 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

21-2—മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും

ഓഫീസ് ചെയർമാന്റെയും അഡീഷണൽ ബെഞ്ചിലെ ജൂഡീഷ്യൽ ഓഫീസറുടെയും ഉൾപ്പെടെ വകുപ്പിലെ ഔദ്യോഗിക വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 73000 രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

21-3—മോട്ടോർ വാഹനങ്ങൾ- ഇൻഷ്വറൻസ്

വകുപ്പിലെ ഔദ്യോഗിക വാഹനങ്ങളുടെ ഇൻഷ്വറൻസ് ആവശ്യത്തിനായി നിലവിലെ വിഹിതം അപര്യാപ്തമാകയാൽ 7000 രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

05-4—ഓഫീസ് ചെലവുകൾ- മറ്റിനങ്ങൾ

വകുപ്പിലെ ഓഫീസ് ചെലവുകളുടെ കുടിശ്ശിക നൽകാനുള്ളതുൾപ്പെടെ ഈ ഇനത്തിൽ 5.38 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ശേഷിച്ച 2.75 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2040-00-188-99—ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (ഗിഫ്റ്റ്)

31—സഹായധനം - ശമ്പളം

ഇൻസ്റ്റിറ്റ്യൂട്ടിന്റെ അക്കാദമിക് മേഖല മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിയമിതരായ പുതിയ അക്കാദമിക് സ്റ്റാഫുകളുടെ ശമ്പള ബാധ്യത നിറവേറ്റുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ 3.8831 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

36—സഹായധനം - ശമ്പളേതരം

ഗവേഷണ പഠനം, ഇ-ജേണൽ, പി.എച്ച്.ഡി. ഫെലോഷിപ്പ്, പ്രാദേശിക സാമ്പത്തിക ഗവേഷണസെല്ലിന്റെ രൂപീകരണം, ഓഫീസ് ഓട്ടോമേഷൻ, ഗവേഷണത്തിനു വേണ്ട ഡേറ്റ ബേസ് മുതലായവയ്ക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 1.50 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 49.92 ലക്ഷം രൂപയും ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്

2043-00-001-93—ഐ.ടി. അടിസ്ഥാന സൗകര്യ വികസനം- വിവര സാങ്കേതിക സൗകര്യങ്ങൾ

കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ സുഗമമായ ഓഫീസ് പ്രവർത്തനത്തിന് ആവശ്യമായ കംപ്യൂട്ടറുകൾ, ലാപ് ടോപ്പ് എന്നിവ വാങ്ങുന്നതിനും, ഉപയോഗശൂന്യമായ കംപ്യൂട്ടറുകൾ മാറ്റി വാങ്ങുന്നതിനായും ഡിജിറ്റൽ യൂണിവേഴ്സിറ്റിയ്ക്കും കെൽട്രോണിനും തുക നൽകുന്നതിനും ഈ ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 12.75 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2043-00-001-92—പൊതു അവബോധവും കാര്യക്ഷമത മെച്ചപ്പെടുത്തലും

നികുതി വരുമാനം വർധിപ്പിക്കുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും വിവിധ ആംനസ്റ്റി സ്കീമുകളുടെ പ്രചാരണം, പൊതുജന- സംസ്ഥാനതല കാമ്പയിനുകളുടെ സംഘാടനം, വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടികൾ എന്നിവയ്ക്കുമായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാകയാൽ 9.44 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2043-00-001-97—കമ്മീഷണറുടെ കാര്യാലയം

21-01—മോട്ടോർ വാഹനങ്ങൾ-വാഹനങ്ങൾ വാങ്ങൽ

സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിൽ ജി.എസ്.ടി. നിയമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ വാഹനങ്ങളുടെ ദൗർലഭ്യം പരിഹരിക്കാൻ പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് 2.65 കോടി രൂപ കൂടി ആവശ്യമായതിനാൽ ആയത് ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2043 -00- 101-97—ചരക്ക സേവന നികുതി കാര്യാലയങ്ങൾ

15—രഹസ്യ സേവന ചെലവുകൾ

സംസ്ഥാന ഇന്റലിജൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ നികുതി വെട്ടിപ്പുകൾക്ക് തടയിടുന്ന വിപുലമായ പ്രവർത്തനങ്ങൾക്കും, ഇൻഫോർമർ മാനേജ്മെന്റ് റിവാർഡ് നൽകൽ പ്രവർത്തനങ്ങൾക്കുമായി സീക്രട്ട് സർവ്വീസ് ഫണ്ട് ഇനത്തിൽ 270 ലക്ഷം രൂപയാണ് വകുപ്പ് ആവശ്യപ്പെട്ടതെന്ന് സമിതി മനസിലാക്കിയതിനാൽ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ശേഷിച്ച 2.40 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

വകുപ്പിലെ ഇന്റലിജൻസ് ഓഫീസുകൾ മാറുന്നതിനും വകുപ്പിന് കീഴിലുള്ള ഓഡിറ്റ് ഓഫീസുകളുടെ നവീകരണത്തിനുമായി ധനാഭ്യർത്ഥന നമ്പർ XXVIII-ലെ 5475-00-800-80- മറ്റ് ഏജൻസികളെ ഏൽപ്പിച്ച പ്രവൃത്തികൾ - (03) - നികുതി വകുപ്പ് - സംസ്ഥാന ജി . എസ് . ടി . സമുച്ചയത്തിന്റെ നിർമ്മാണം എന്ന ശീർഷകത്തിൽ, നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 3 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ഊർജ്ജ വകുപ്പ്

2045-00-103-99—ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ ജീവനക്കാരുടെ ചികിത്സാ ചെലവ്, യാത്രാബത്ത, തപാൽ സ്റ്റാമ്പുകൾ വാങ്ങുന്നത് ഉൾപ്പെടെയുള്ള ചെലവുകൾ, വാഹന അറ്റകുറ്റ പണികൾ, മീറ്റർ ടെസ്റ്റിംഗ് ആന്റ് സ്റ്റാൻഡേർഡ്സ് ലാബോറട്ടറിയിലേക്ക് ആവശ്യമായ സീലുകളുടെ വാങ്ങൽ, ദിവസ വേതനനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം നൽകൽ എന്നിവയ്ക്കായി നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 18.57 ലക്ഷം രൂപ കൂടി ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം

വഴി വകയിരുത്തണമെന്നും വകുപ്പിലെ ദിവസ വേതനനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പാർട്ട് ടൈം കണ്ടീജന്റ് ജീവനക്കാരുടെ ശമ്പളം നൽകുന്നതിന് നിലവിൽ ബജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ, ആയതിന് ബന്ധപ്പെട്ട ശീർഷകം അനുവദിച്ച് പ്രസ്തുത ശീർഷകത്തിൽ തുക വകയിരുത്തണമെന്നും ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2045-00-200-99—സംഭരണ ചെലവുകൾ - മറ്റ് നികുതികളും തീരുവകളും-ലൈസൻ സിംഗ് ബോർഡ്

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ ഭാഗമായിട്ടുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് നടത്തുന്ന വയർമാൻ പരീക്ഷ 14 ജില്ലകളിൽ നടത്തുന്ന ചെലവിലേക്കായി നിലവിലെ ബജറ്റ് വിഹിതത്തിന് പുറമെ 2 ലക്ഷം രൂപ കൂടി ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്നും ചാർട്ടേർഡ് ഇലക്ട്രിക്കൽ സേഫ്റ്റി എഞ്ചിനിയർമാരെ തെരെഞ്ഞെടുക്കുന്ന ചെലവുകൾ വഹിക്കുന്നതിന് നിലവിൽ ബജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ, ആയതിനു വേണ്ടി പുതിയ ശീർഷകം അനുവദിക്കുകയോ നിലവിലുള്ളത് പുനഃസ്ഥാപിക്കുകയോ ചെയ്ത് ആയതിൽ 2 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്നും ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ X—ട്രഷറികളും അക്കൗണ്ടുകളും

2054-00-098-99—കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

06—വാടക, കരം, നികുതി

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 10 ഉപകാര്യാലയങ്ങളുടെ പ്രതിമാസ വാടക, വാടക കുടിശ്ശിക തുടങ്ങിയവയ്ക്കായി നടപ്പു സാമ്പത്തിക വർഷം 1.23,24,140 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ പ്രസ്തുത ശീർഷകത്തിൽ 95.30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ XI—ജില്ലാ ഭരണവും പലവകയും

ധനകാര്യ (ദേശീയ സമ്പാദ്യപദ്ധതി) വകുപ്പ്

2047-00-103-87—ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റ്മാർക്കും എസ്.എ.എസ്. ഏജന്റ്മാർക്കും അധിക സേവനത്തിന് നൽകുന്ന പ്രതിഫലം

2025-26 സാമ്പത്തിക വർഷം ഏജന്റുമാർക്ക് അധികസേവനത്തിനുള്ള പ്രതിഫലം പ്രതിമാസം ഏകദേശം 20 കോടി രൂപ നിരക്കിൽ 12 മാസത്തെ തുക വിതരണം

ചെയ്യുന്നതിനായി 240 കോടി രൂപയും മുൻവർഷങ്ങളിലെ 2 മാസത്തെ പ്രതിഫല കുടിശ്ശിക നൽകുന്നതിനായി 40 കോടി രൂപയും ആവശ്യമുള്ളതായി സമിതി മനസിലാക്കുന്നു. ആയതിനാൽ നടപ്പു സാമ്പത്തിക വർഷം ബജറ്റ് വിഹിതത്തിന് പുറമെ ഈ ശീർഷകത്തിൽ 40 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2047-00-103-85-10—എം.പി.കെ.ബി.വൈ/എസ്.എ.എസ് ഏജന്റുമാരുടെ ക്ഷേമനിധിക്കായുള്ള സംസ്ഥാന സർക്കാരിന്റെ തത്തുല്യ വിഹിതം - സംഭാവന

നടപ്പു വർഷം ക്ഷേമനിധിയിൽ ഏജന്റുമാരുടെ വിഹിതമായി 140.40 ലക്ഷം രൂപ പ്രതീക്ഷിക്കുന്നതിനാൽ ഇതിന്റെ 50% തുകയായ 70.20 ലക്ഷം രൂപയാണ് സർക്കാർ വിഹിതമായി വകയിരുത്തേണ്ടത്. കൂടാതെ 31-3-2025 വരെയുള്ള സർക്കാർ വിഹിതത്തിൽ 23.42 ലക്ഷം രൂപ കുടിശ്ശിക ലഭിക്കാനുമുണ്ട്. ആയതിനാൽ നിലവിൽ അനുവദിച്ചിട്ടുള്ള വിഹിതത്തിനു പുറമെ ശേഷിച്ച 33.62 ലക്ഷം രൂപ ടി ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ XVI—പെൻഷനും പലവകയും

സൈനികക്ഷേമ വകുപ്പ്

2075-00-800-52—തിരുവനന്തപുരം നഗരത്തിലെ യുദ്ധസ്മാരകം

തിരുവനന്തപുരം നഗരത്തിലെ യുദ്ധസ്മാരകത്തിന്റെ നിർമ്മാണപ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയിൽ ശേഷിക്കുന്ന 3.087 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ന്യൂനപക്ഷക്ഷേമ വകുപ്പ്

2075-00-800-81—കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം

മുൻ സാമ്പത്തിക വർഷങ്ങളിൽ ബജറ്റ് വിഹിതം പൂർണ്ണമായും ലഭ്യമായിട്ടില്ലാത്തതിനാലും, ഹജ്ജ്കമ്മിറ്റി ഓഫീസിൽ പുതുതായി നിയമിച്ച എക്സിക്യൂട്ടീവ് ഓഫീസറുടെ ശമ്പളം നൽകുന്നതിനും ഹജ്ജ് വോളണ്ടിയറിംഗ് ഇനത്തിലും, ഹജ്ജ് ഹൗസിനോടനുബന്ധിച്ചുള്ള വനിതാ ബ്ലോക്ക് നിർമ്മിച്ച ഇനത്തിലും തുക നൽകുന്നതിലേയ്ക്കായി മേൽ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ 6.1531 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ധനകാര്യവകുപ്പ്

2075-00-795-98—വീട്ടുവായ്പ എഴുതിത്തള്ളൽ

വീട് വായ്പ എഴുതിത്തള്ളുന്ന തുക 5 ലക്ഷമായി വർദ്ധിച്ചിരുന്നതിനാലും അപേക്ഷകരുടെ എണ്ണം വർദ്ധിച്ചതിനാലും പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ 27.85 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

സംസ്ഥാനഭാഗ്യക്കുറി വകുപ്പ്

2075-00-103-99—സംസ്ഥാനഭാഗ്യക്കുറി - ഭാഗ്യക്കുറി ടിക്കറ്റ് വില്പന

(02)-08—പ്രചാരണ ചെലവുകൾ - പരസ്യം, പ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ

ഉയർന്ന വിറ്റുവരവ് ലക്ഷ്യം കൈവരിക്കുന്നതിനായി ദൃശ്യ-ശ്രാവ്യ അച്ചടി മാധ്യമങ്ങളിലൂടെ കൂടുതൽ പരസ്യങ്ങൾ നൽകുന്നതിനും, മുൻകാലങ്ങളിൽ പരസ്യം നൽകിയ ഇനത്തിലുള്ള കുടിശ്ശിക തുക കൊടുത്തു തീർക്കുന്നതിനും നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 15 കോടി രൂപ ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2075-00-103-98—ഏജന്റുമാരുടെ കമ്മീഷൻ

ലോട്ടറി വിറ്റുവരവ് കൂടുന്നതിനനുസരിച്ച് ഡിസ്കൗണ്ട്, ഏജന്റിനുള്ള സമ്മാനം എന്നിവയ്ക്ക് ആനുപാതികമായ വർദ്ധനവുണ്ടാകുമെന്നതിനാൽ 2025-2026 സാമ്പത്തിക വർഷം ഈ ഇനത്തിൽ ഏകദേശം 4650.91 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ടി ശീർഷകത്തിൽ 149.35 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2075-00-103- 97—സമ്മാനദാനം

നിലവിലെ സമ്മാനഘടന അനുസരിച്ച് വിറ്റുവരവിന്റെ ഏകദേശം 59.5% തുക സമ്മാനയിനത്തിൽ ചെലവഴിക്കേണ്ടി വരുമെന്നതിനാൽ ഈ ഇനത്തിൽ ഏകദേശം 8401 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. നിലവിലെ ബജറ്റ് വിഹിതം അപര്യാപ്ത മായതിനാൽ ടി ശീർഷകത്തിൽ 437.34 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2075-00-103-94—<u>സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്</u>

06—<u>വാടക, കരം, നികുതി</u>

ഭാഗ്യക്കുറി ഡയറക്ടറേറ്റ് അനെക്സ് പ്രവർത്തിക്കുന്ന KTDFC-യുടെ ഉടമസ്ഥതയിലുള്ള തമ്പാനൂരിലെ കെട്ടിടത്തിന്റെ വാടകയിനത്തിലെ ചെലവ് ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. വാടകയിനത്തിൽ പ്രതീക്ഷിത ചെലവായ 13 ലക്ഷം രൂപയും മുൻ വർഷത്തെ കുടിശ്ശികയിനത്തിൽ 12 ലക്ഷം രൂപയും ആവശ്യമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 24 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

17—<u>ചെറുകിട മരാമത്തു പണികൾ</u>

ഭാഗ്യക്കുറി വകുപ്പിലെ 21 ഓഫീസുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായുള്ള നവീകരണ പ്രവർത്തനങ്ങൾക്കും, മറ്റു മരാമത്ത് പണികൾക്കുള്ള ചെലവുകൾക്കുമായി 2025-26 സാമ്പത്തിക വർഷം 6.50 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 6.4986 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

99—<u>വിവരസാങ്കേതിക വിദ്യ</u>

ഭാഗ്യക്കുറി വകുപ്പിന്റെ സോഫ്റ്റ്‌വെയർ സംബന്ധമായ ചെലവുകൾക്കും ഹാർഡ് വെയർ, പഞ്ചിംഗ് മെഷീൻ, സി.സി.ടി.വി. എന്നിവയുടെ എ.എം.സി. തുകകൾ, ഹാർഡ്‌വെയറുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ എന്നിവയ്ക്കുമായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാകയാൽ 65.40 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃ വിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2075-00-103-93—<u>ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ</u>

06—<u>വാടക, കരം, നികുതി</u>

വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഗ്രൗണ്ട് ഫ്ലോറിലേയ്ക്ക് ഓഫീസുകൾ മാറ്റുന്ന സാഹചര്യത്തിൽ വാടകയിനത്തിലെ ചെലവിൽ വർദ്ധനവുണ്ടാകുമെന്നതിനാൽ നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ ഒരു കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2075-00-103-92—<u>സംസ്ഥാന ഭാഗ്യക്കുറിയുടെ റീജയണൽ ഡപ്യൂട്ടി ഡയറക്ടറേറ്റ്, എറണാകുളം</u>

06—<u>വാടക, കരം, നികുതി</u>

എറണാകുളം മേഖല ഭാഗ്യക്കുറി ഡയറക്ടറേറ്റ്, ജില്ലാ ഭാഗ്യക്കുറി ഓഫീസ് എന്നിവയുടെ വാടകയിനത്തിലുള്ള ചെലവിന് അനുവദിച്ച ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ 30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

കായികയുവജനകാര്യവകുപ്പ്

2075-00-800-98—<u>രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി സഹായധനം</u>

അക്കാഡമിയിൽ നിലവിൽ മൂന്ന് സിംഗിൾ എഞ്ചിൻ വിമാനങ്ങൾ ആണ് ഉള്ളത്. നിലവിലെ 43 ട്രെയിനികൾക്കും 2025-26 ബാച്ചിലെ ട്രെയിനികൾക്കും ഈ മൂന്ന് വിമാനങ്ങൾ കൊണ്ട് പറക്കൽ പരിശീലനം നടത്തുവാൻ പ്രയാസമായതിനാലും കണ്ണൂർ വിമാനത്താവളം സാറ്റ്ലൈറ്റ് ബേസാക്കി പരിശീലനം പുനരാരംഭിച്ച സ്ഥിതിയ്ക്കും തിരുവനന്തപുരത്തും കണ്ണൂരിലും പരിശീലനം നടത്തുന്നതിന് രണ്ട് സിംഗിൾ എൻജിൻ വിമാനവും ഒരു സിമുലേറ്ററും അക്കാഡമിയ്ക്ക് വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 11 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

റവന്യൂവകുപ്പ്

2075-00-800-78—<u>വഖഫ് ബോർഡിന്റെ സാമൂഹ്യ ക്ഷേമ പ്രവർത്തനത്തിനു വേണ്ടിയുള്ള പ്രത്യേക ധന സഹായം</u>

സോഷ്യൽ വെൽഫെയർ സ്കീം (കേരള) പ്രകാരം സാങ്ഷൻ കമ്മിറ്റി വിവിധ തീയതികളിലായി പാസ്സാക്കിയിട്ടുള്ള അപേക്ഷകളിന്മേൽ കുടിശ്ശികയായിട്ടുള്ള തുക നൽകുന്നതിന് നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാകയാൽ പ്രസ്തുത ശീർഷകത്തിൽ 8.68 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ
സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ്

3454-02-112-89—<u>ഭാരതീയ സ്ഥിതിവിവരക്കണക്ക് ശക്തിപ്പെടുത്തൽ പദ്ധതി (ഐ.എസ്.എസ്.പി.)</u>

സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിന്റെ പഠനഗവേഷണ പരിശീലന സ്ഥാപനമായ സ്റ്റേറ്റ് അക്കാഡമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷന് പരിശീലന

പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഈ ശീർഷകത്തിൻ കീഴിൽ അനുവദിച്ച തുക 4.55 ലക്ഷം രൂപയാണ്. ഇത് പര്യാപ്തമല്ലാത്തതിനാൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3454-02-203-98—ഡയറക്ടറേറ്റിൽ ഒരു സംഗണക വിഭാഗം സ്ഥാപിക്കുന്നതിന്

ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരളയുമായി ചേർന്ന് വികസിപ്പിക്കുന്ന ആപ്ലിക്കേഷനിൽ ഉൾപ്പെടുന്ന 8 മൊഡ്യൂളുകളുടെ വികസനം, ഇവയുടെ പരിപാലനം, ഉദ്യോഗസ്ഥർക്കുള്ള പരിശീലനം എന്നിവയ്ക്കായും, ഇ.എ.ആർ.എ.എസ് . മോഡ്യൂൾ വികസനത്തിനായും ഈ ശീർഷകത്തിൽ നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ് . ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ ഒരു കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3454-02-203- 95—ജില്ലകളിൽ കമ്പ്യൂട്ടർ ഡിവിഷൻ ശക്തിപ്പെടുത്തൽ

സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിന്റെ ഫീൽഡ്തല സർവ്വെയ്ക്ക് വേണ്ടി ഇൻവെസ്റ്റിഗേറ്റർമാർ, സൂപ്പർവൈസറി ഉദ്യോഗസ്ഥർ എന്നിവർക്ക് ആവശ്യമായ 629 ടാബ്ലെറ്റുകൾ വാങ്ങുന്നതിനും ഇന്റർനെറ്റ് കണക്റ്റിവിറ്റിക്കും വകുപ്പിലെ ജില്ലാ/ താലൂക്ക് സ്റ്റാറ്റിസ്റ്റിക്സ് ഓഫീസുകളിൽ ആധാർ അധിഷ്ഠിത ബയോമെട്രിക് പഞ്ചിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിനും നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2.6902 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3454-02-203- 97—വാഹനങ്ങൾ വാങ്ങുന്നതിന്

സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിന്റെ ഫീൽഡ് തല പരിശോധനയ്ക്ക് ജില്ലാ ഓഫീസിലും ഡയറക്ടറേറ്റിലുമായി പുതിയ 13 വാഹനങ്ങൾ വാങ്ങുന്നതിന് വേണ്ടി ബജറ്റ് വിഹിതത്തിനു പുറമെ 1.30 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3454-02-111-89—കാർഷിക സ്ഥിതി വിവരക്കണക്ക് പദ്ധതിയുടെ മെച്ചപ്പെടുത്തൽ - ഇ.എ.ആർ.എ.എസ് (100% സി.എസ്.എസ്.)

ഇ.എ.ആർ.എ.എസ്. പദ്ധതിയിൻ കീഴിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ യാത്രാബത്ത, സ്ഥലമാറ്റ ബത്ത, അവധി യാത്രാനുകൂല്യം ഇനങ്ങളിലുള്ള കുടിശ്ശിക നൽകുന്നതിനായി അധിക തുക ആവശ്യമാണ്. ആയതിനാൽ നിലവിലെ ബജറ്റ് വിഹിതത്തിനുപുറമെ 6.87137 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3454-02-111- 99—<u>സംസ്ഥാന വരുമാന സ്ഥിതി വിവരക്കണക്കു വിഭാഗം</u>

സംസ്ഥാന വരുമാന സ്ഥിതി വിവരക്കണക്കു വിഭാഗത്തിലെ, വിവിധ ജില്ലകളിൽ ഉൾപ്പെടെ ജോലി ചെയ്യുന്നതുമായ 10 ജീവനക്കാരുടെ യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിനായി നിലവിലെ ബജറ്റ് വിഹിതത്തിനുപുറമെ 15967 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3454-02-111-97—<u>വിലയിരുത്തൽ ഘടകം</u>

ഇവാല്യുവേഷൻ വിഭാഗത്തിൽ മണ്ണ് സർവ്വേയുമായി ബന്ധപ്പെട്ട് ജില്ലകളിൽ ഉൾപ്പെടെ ജോലി ചെയ്യുന്ന 17 ജീവനക്കാരുടെ യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് 58369 രൂപ കൂടി ആവശ്യമായതിനാൽ പ്രസ്തുത തുക ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3454-02-112-99—<u>ഇക്കണോമിക്സ് സ്റ്റാറ്റിസ്റ്റിക്സ് ബ്യൂറോ</u>

എസ് .ആർ .എസ് .-മായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന 175 പാർട്ട് ടൈം എന്യൂമറേറ്റർമാർക്കുള്ള ഓണറേറിയം കഴിഞ്ഞ വർഷത്തെ കുടിശ്ശികയടക്കം നൽകുന്നതിനായും 666 ജീവനക്കാരുടെ യാത്രാബത്ത, ട്രാൻസ്ഫർ ടി.എ. കുടിശ്ശിക എന്നിവ നൽകുന്നതിനായും നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 50.52050 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3454-02-112-98—<u>ദേശീയ സാമ്പിൾ സർവ്വേ</u>

ദേശീയ സാമ്പിൾ സർവ്വേ വിഭാഗത്തിന്റെ കീഴിൽ ജില്ലകളിൽ ഉൾപ്പെടെ ജോലി ചെയ്യുന്ന 58 ജീവനക്കാരുടെ യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിനായി നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 1.09566 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3454-02-112-96—<u>സർവ്വേയും പഠനവും</u>

സർവ്വേ രൂപകല്പന വിഭാഗത്തിന്റെ കീഴിൽ ജില്ലകളിൽ ഉൾപ്പെടെ ജോലി ചെയ്യുന്ന 44 ജീവനക്കാരുടെ യാത്രാബത്ത ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി ബജറ്റ് വിഹിതത്തിനുപുറമെ 44,490 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു .

3454-02-203-99—<u>തദ്ദേശ സ്വയംഭരണ ഗവൺമെന്റ് സ്ഥാപനങ്ങളിൽ സ്ഥിതി വിവര കണക്കുകൾ വിപുലീകരിക്കുന്നതിന്</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനും പദ്ധതി രൂപീകരണത്തിനും മറ്റുമായി ഏർപ്പെട്ടിരിക്കുന്ന സംസ്ഥാന/ ജില്ലാതല ഫീൽഡ് ജീവനക്കാർക്ക് യാത്രാബത്ത, ട്രാൻസ്ഫർ ടി.എ. കുടിശ്ശിക നൽകുന്നതിനായി നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 6.35945 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

2235-60-110-99—<u>സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റ്</u>

04-1—<u>യാത്രാ ചെലവുകൾ -യാത്രാ ബത്ത</u>

ജില്ലാ ഓഫീസുകളിൽ ഇന്റേണൽ ഓഡിറ്റ് നടത്തേണ്ടതിനാൽ നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാകയാൽ പ്രസ്തുത ശീർഷകത്തിൽ 8 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

05-4—<u>ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ</u>

പാസ്ബുക്ക്, പോളിസി സർട്ടിഫിക്കറ്റ് എന്നിവയുടെ അച്ചടി ചെലവ്, ഓഫീസ് നവീകരണം എന്നിവയ്ക്ക് നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാകയാൽ പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

06—<u>വാടക, കരം, നികുതി</u>

മൂന്ന് വർഷം കൂടുമ്പോൾ വാടക 15 % വർദ്ധിക്കുന്ന സാഹചര്യത്തിൽ നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 40 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-60-110-97—<u>സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് കംപ്യൂട്ടർവൽക്കരണം</u>

സോഫ്റ്റ് വെയർ അപ്ഗ്രേഡ് ചെയ്യുന്നതിനും വാർഷിക പരിപാലനത്തിനും പുതിയ കമ്പ്യൂട്ടർ വാങ്ങുന്നതിനും ഇ-ഓഫീസ് പ്രവർത്തനസജ്ജമാക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ടി ശീർഷകത്തിൽ 3 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു .

2235-60-110-98—ജില്ലാ ആഫീസുകൾ

04-1—യാത്രാ ചെലവുകൾ- യാത്രാബത്ത

ജില്ലകളിൽ 25 ഡെവലപ്മെന്റ് ഓഫീസർമാർക്ക് കുറഞ്ഞത് 20 ദിവസം യാത്രാബത്ത അനുവദിക്കേണ്ടി വരുന്നതിനാൽ നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ല. ആകയാൽ ടി ശീർഷകത്തിൽ 10 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

05-4—ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ

ഓഫീസ് നവീകരണം, സ്റ്റേഷനറി ചാർജ്ജ് എന്നിവ വഹിക്കുന്നതിനായി നിലവിലെ വിഹിതം പര്യാപ്തമല്ലാത്തതിനാൽ 15 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

06—വാടക, കരം, നികുതി

ജില്ലകളിലെ ഓഫീസ് കെട്ടിടങ്ങൾ മാറ്റിയതിനാലും നിലവിലുള്ള കെട്ടിടത്തിന്റെ വാടക വർദ്ധിപ്പിച്ചതിനാലും നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം പര്യാപ്തമല്ലാത്ത തിനാൽ ടി ശീർഷകത്തിൽ 35 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.35-ന് അവസാനിച്ചു.

5. 21-2-2025-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2025 ഫെബ്രുവരി മാസം 21-ാം തീയതി വെള്ളിയാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ബഹു. ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ, സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രിയുമായ ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തിരുന്നു.

1. ശ്രീ. ഡി. കെ. മുരളി
2. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ (ഓൺലൈൻ മുഖേന)
3. ശ്രീ. കെ. വി. സുമേഷ്
4. ശ്രീ. ഇ. കെ. വിജയൻ (ഓൺലൈൻ മുഖേന)

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി ശ്രീധന്യ സുരേഷ്, ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ, രജിസ്ട്രേഷൻ വകുപ്പ്
2. ശ്രീ. മഹിപാൽ യാദവ്, എക്സൈസ് കമ്മീഷണർ, എക്സൈസ് വകുപ്പ്
3. ശ്രീ. ബി. രാധാകൃഷ്ണൻ, ജോയിന്റ് എക്സൈസ് കമ്മീഷണർ, എക്സൈസ് വകുപ്പ്
4. ശ്രീമതി എം. ഗീത, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. വി. സാജൻ, ഡയറക്ടർ, ട്രഷറി വകുപ്പ്
6. ശ്രീമതി ഷീബാറാണി, ഡയറക്ടർ-ഇൻ-ചാർജ്, സൈനികക്ഷേമ വകുപ്പ്
7. ശ്രീമതി ശോഭ വി. ആർ., ജോയിന്റ് സെക്രട്ടറി, ധനകാര്യ (ബജറ്റ്) വകുപ്പ്
8. ശ്രീ. പ്രമോദ് എം. വി., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്
9. ശ്രീ. കൃഷ്ണ കുമാർ എസ്., ഡെപ്യൂട്ടി കമ്മീഷണർ, എക്സൈസ് (HQ) വകുപ്പ്
10. ശ്രീ. മനോജ് എസ്., ഫിനാൻസ് ഓഫീസർ, എക്സൈസ് വകുപ്പ്
11. ശ്രീമതി സ്മിത എം., ഫിനാൻസ് ഓഫീസർ, സൈനികക്ഷേമ വകുപ്പ്

സമിതി, 2025-2026 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള VII, VIII എന്നീ നമ്പർ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് വകുപ്പുകളിൽ നിന്ന് ലഭിച്ച കുറിപ്പുകൾ പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യാഗസ്ഥരുമായി ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ധനാഭ്യർത്ഥനകളിന്മേൽ താഴെപ്പറയുന്ന ശിപാർശകൾ/ നിർദേശങ്ങൾ നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ VII—മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

2030-03-001-95—സബ് രജിസ്ട്രി ഓഫീസുകൾ

06—വാടക, കരം, നികുതി

സബ് രജിസ്ട്രാർ ഓഫീസുകളുടെ കുടിശ്ശികയടക്കമുള്ള വാടകയിനത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമാണ്. ആകയാൽ 1.5 കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2030-03-001-99—ഭരണവും നടത്തിപ്പും -ഭരണം

21-1—മോട്ടോർ വാഹനങ്ങൾ- വാഹനങ്ങൾ വാങ്ങൽ

വാഹനങ്ങൾ ഇല്ലാത്തതിനാൽ സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇൻസ്പെക്ഷൻ നടത്തി നികുതി ചോർച്ച തടയുന്നതിനും വാർഷിക ഓഡിറ്റ് നടത്തുന്നതിനും ബുദ്ധിമുട്ടുകൾ നേരിടുന്നതിനാൽ വകുപ്പിലേക്ക് പുതിയ 15 വാഹനങ്ങൾ വാങ്ങുന്നതിന് ശീർഷകത്തിൽ സാമ്പത്തിക വർഷം തുക അനുവദിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ 1.80 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തുന്നതിനും ആയതിനായി ആദ്യത്തെ SDG-യിൽ ശീർഷകം കൂടി അനുവദിക്കുന്നതിനും ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥന നം. VIII—എക്സൈസ്

2039-00-001-99—ഭരണവും നടത്തിപ്പും -മേൽനോട്ടം

06—വാടക, കരം, നികുതി

എക്സൈസ് സർക്കിൾ ഓഫീസുകളിലെ വാടക, കരം, നികുതി ചെലവുകൾ എന്നിവ പൂർണ്ണമായും നിർവഹിക്കുന്നതിന് അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ടി ശീർഷകത്തിൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

21-2—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

എക്സൈസ് സർക്കിൾ ഓഫീസുകളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികളുടെ ചെലവുകൾക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

34-3—മറ്റു ചെലവുകൾ-മറ്റിനം

സ്റ്റേറ്റ് എക്സൈസ് അക്കാദമിയിലെ ട്രെയിനിംഗ് ചെലവുകളും എക്സൈസ് സർക്കിൾ ഓഫീസുകളിലെ ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നതിന് മേൽ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

45—പി.ഒ.എൽ

എക്സൈസ് സർക്കിൾ ഓഫീസുകളിലെ പി.ഒ.എൽ ചെലവിനത്തിൽ കുടിശ്ശികയായുള്ള തുക ഉൾപ്പെടെ നൽകുന്നതിലേയ്ക്കായി നിലവിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആകയാൽ ടി ശീർഷകത്തിൽ ഒരു കോടി രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2039-00-001-98—റേഞ്ച് ഓഫീസുകൾ

06—വാടക, കരം, നികുതി

എക്സൈസ് റേഞ്ച് ഓഫീസുകളിലെ വാടക, കരം, നികുതി ഇനത്തിലുള്ള ചെലവുകൾ കുടിശ്ശികയടക്കം നൽകുന്നതിന് നിലവിൽ അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

21-2—മോട്ടോർ വാഹനങ്ങൾസംരക്ഷണവും അറ്റകുറ്റപ്പണികളും

എക്സൈസ് റേഞ്ച് ഓഫീസുകളിലെ മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും ചെലവുകൾ പൂർണ്ണമായും വഹിക്കുന്നതിനും നിലവിലെ വിഹിതം അപര്യാപ്തമാകയാൽ പ്രസ്തുത ശീർഷകത്തിൽ 30 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

45—പി.ഒ.എൽ.

എക്സൈസ് റേഞ്ച് ഓഫീസുകളിലെ പി.ഒ.എൽ. ചെലവിനത്തിലുള്ള കുടിശ്ശിക നൽകുന്നതിനായി നിലവിൽ അനുവദിച്ച വിഹിതം അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ ഒരു കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2039-00-001-94—എക്സൈസ് വകുപ്പിന്റെ നവീകരണം

34-3—മറ്റു ചെലവുകൾ- മറ്റിനം

2025-26 സാമ്പത്തിക വർഷം എക്സൈസ് വകുപ്പിന്റെ നവീകരണത്തിന് അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 60 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2039-00-001-86—എക്സൈസ് - ക്രൈംബ്രാഞ്ച് വിഭാഗം

04-1—യാത്രാ ചെലവുകൾ- യാത്രാ ബത്ത

സംസ്ഥാന വ്യാപകമായി അന്വേഷണ ചുമതലയുള്ള എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗത്തിലെ ജീവനക്കാർക്ക് ഡ്യൂട്ടിയുടെ ഭാഗമായി സംസ്ഥാനത്ത് ഉടനീളവും മറ്റ് സംസ്ഥാനങ്ങളിലും യാത്ര ചെയ്യേണ്ടതിനാൽ യാത്രാചെലവിനത്തിൽ മുൻ വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിനായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 5 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

21-2—മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും

സംസ്ഥാന വ്യാപകമായി അന്വേഷണ ചുമതലയുള്ള എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗത്തിലെ ജീവനക്കാർക്ക് ഡ്യൂട്ടിയുടെ ഭാഗമായി സംസ്ഥാനത്ത് ഉടനീളവും മറ്റ് സംസ്ഥാനങ്ങളിലും യാത്രാ ചെയ്യേണ്ടതിനാൽ സമയബന്ധിതമായി വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കാൻ കഴിയാതെ വരുന്നത് കേസന്വേഷണത്തെ പ്രതികൂലമായി ബാധിക്കും. മുൻ വർഷങ്ങളിൽ ഈ ഇനത്തിലുള്ള കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിനായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ ഒരു ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

45—പി.ഒ.എൽ.

അന്വേഷണത്തിന്റെ ഭാഗമായി എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗത്തിലെ ജീവനക്കാർക്ക് ഡ്യൂട്ടിയുടെ ഭാഗമായി സംസ്ഥാനത്ത് ഉടനീളവും മറ്റ് സംസ്ഥാനങ്ങളിലും യാത്രാ ചെയ്യേണ്ടതിനും തുടർന്നുള്ള കോടതി നടപടിക്രമങ്ങളുടെയും പ്രവർത്തനത്തിനും യഥാസമയം ഇന്ധനം ലഭ്യമാക്കേണ്ടതാണെന്നതിനാൽ മുൻ വർഷങ്ങളിൽ ഈ ഇനത്തിലുള്ള കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിനായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 2 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

യോഗം രാവിലെ 11.35-ന് അവസാനിച്ചു.

6. 27-2-2025-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, 2025 ഫെബ്രുവരി മാസം 27-ാം തീയതി വ്യാഴാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ബഹു. ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രിയുമായ ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തിരുന്നു.

1. ഡോ. കെ. ടി. ജലീൽ
2. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
3. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
4. ശ്രീ. എൻ. ഷംസുദ്ദീൻ (ഓൺലൈൻ മുഖേന)
5. ശ്രീ. കെ. വി. സുമേഷ് (ഓൺലൈൻ മുഖേന)
6. ശ്രീ. ഇ. കെ. വിജയൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

സമിതി, 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ചുള്ള സമിതിയുടെ റിപ്പോർട്ടിന്റെ കരട് പരിഗണനയ്ക്കെടുക്കുകയും റിപ്പോർട്ടിലെ ഖണ്ഡിക 63-ലെ സമിതിയുടെ ശിപാർശ താഴെപ്പറയും പ്രകാരം ഭേദഗതി വരുത്തണമെന്ന നിർദ്ദേശത്തോടെ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

"63. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സാങ്കേതിക സഹായത്തോടു കൂടി കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിനു വേണ്ടി ഒരു സമഗ്ര ഇൻഷ്വറൻസ് മാനേജ്മെന്റ് സിസ്റ്റം (IMS) തയ്യാറാക്കുന്നതിനായി 3 കോടി രൂപ ബജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുള്ളതിനാൽ പ്രസ്തുത 3 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.”.

യോഗം ഉച്ചയ്ക്ക് 12.00 മണിക്ക് അവസാനിച്ചു.

7. 19-3-2025-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV എന്നിവയുടെ ഒരു സംയുക്തയോഗം The Kerala Finance Bill, 2025 പരിഗണിക്കുന്നതിനായി 2025 മാർച്ച് മാസം 19-ാം തീയതി ബുധനാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 6.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ ചേരുകയുണ്ടായി. സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനും ബഹു. ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രസ്തുത യോഗത്തിൽ, താഴെപ്പറയുന്ന സമിതി അദ്ധ്യക്ഷന്മാർ/ എക്സ്-ഒഫീഷ്യോ അംഗങ്ങളായ വകുപ്പുമന്ത്രിമാർ മറ്റ് സമിതി അംഗങ്ങൾ എന്നിവരും പങ്കെടുത്തിരുന്നു.

1. ശ്രീ. കെ. രാജൻ,
   റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി,
   ചെയർപേഴ്സൺ,
   സബ്ജക്ട് കമ്മിറ്റി II.

2. ശ്രീ. പി. എ. മുഹമ്മദ് റിയാസ്,
   പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി,
   ചെയർപേഴ്സൺ,
   സബ്ജക്ട് കമ്മിറ്റി V.

3. ശ്രീ. കെ. ബി. ഗണേഷ് കുമാർ,
   ഗതാഗത വകുപ്പുമന്ത്രി,
   എക്സ്-ഒഫീഷ്യോ അംഗം
   സബ്ജക്ട് കമ്മിറ്റി V.

4. ശ്രീ. വി. എൻ. വാസവൻ,
   തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി,
   എക്സ്-ഒഫീഷ്യോ അംഗം,
   സബ്ജക്ട് കമ്മിറ്റി V.

5. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,
   രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി,
   എക്സ്-ഒഫീഷ്യോ അംഗം,
   സബ്ജക്ട് കമ്മിറ്റി VIII.

6. ശ്രീ. പി. രാജീവ്
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി,
പ്രത്യേക ക്ഷണിതാവ്,
സബ്ജക്ട് കമ്മിറ്റി XIV.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
3. ശ്രീ. ഇ. ചന്ദ്രശേഖരൻ
4. ഡോ. എൻ. ജയരാജ്
5. ശ്രീ. മാത്യു ടി. തോമസ്
6. ശ്രീ. മുഹമ്മദ് മുഹസിൻ
7. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
8. ശ്രീ. പ്രമോദ് നാരായൺ
9. ശ്രീ. കെ. ഡി. പ്രസേനൻ
10. ശ്രീ. കെ. പ്രേംകുമാർ
11. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
12. ശ്രീ. പി. ടി. എ. റഹീം
13. ശ്രീ. ടി. പി. രാമകൃഷ്ണൻ
14. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
15. ശ്രീ. എൻ. ഷംസുദ്ദീൻ
16. ശ്രീ. വി. ഡി. സതീശൻ
17. ശ്രീ. കെ. വി. സുമേഷ്
18. ശ്രീ. പി. പി. സുമോദ്
19. ശ്രീ. തോമസ് കെ. തോമസ്.

വീഡിയോ കോൺഫറൻസിംഗ് മുഖേന ഹാജരായ അംഗങ്ങൾ:

1. ശ്രീ. മോൻസ് ജോസഫ്
2. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി വി. ആർ. രജനി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. വേണുഗോപാൽ ആർ., ജോയിന്റ് സെക്രട്ടറി
3. ശ്രീ. ആർ. എസ്. സന്തോഷ് കുമാർ, ജോയിന്റ് സെക്രട്ടറി
4. ശ്രീമതി സുദർശന കെ., ജോയിന്റ് സെക്രട്ടറി
5. ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി
6. ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി
7. ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി
8. ശ്രീമതി ഷമി ജെ., അണ്ടർ സെക്രട്ടറി
9. ശ്രീ. ഒ. മോഹനൻ, അണ്ടർ സെക്രട്ടറി
10. ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി
11. ശ്രീ. ഹരീന്ദ്രൻ കെ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. കെ. ജി. സനൽ കുമാർ, സെക്രട്ടറി, നിയമ വകുപ്പ്
2. ശ്രീ. അജിത് പാട്ടീൽ, കമ്മീഷണർ, കേരള സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്
3. ശ്രീ. നാഗരാജു ചക്കിലം, ട്രാൻസ്പോർട്ട് കമ്മീഷണർ, മോട്ടോർ വാഹന വകുപ്പ്
4. ശ്രീ. എബ്രഹാം റെൻ എസ്., സ്പെഷ്യൽ കമ്മീഷണർ, കേരള സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്
5. ശ്രീ. ബി. പ്രതാപ ചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീമതി കൃഷ്ണപ്രിയ ഡി., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

7. ശ്രീ. പ്രമോജ് ശങ്കർ, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ, മോട്ടോർ വാഹന വകുപ്പ്

8. ശ്രീ. സനൽ എം. ആർ., അഡീഷണൽ സ്റ്റേറ്റ് ടാക്സ് ഓഫീസർ, കേരള സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്

9. ശ്രീ. മനോജ് കെ., ജോയിന്റ് സെക്രട്ടറി, നികുതി വകുപ്പ്

10. ശ്രീമതി ഷീല എം., ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്

11. ശ്രീ. സുരേഷ് എ., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

12. ശ്രീ. ടോജോ എം. തോമസ്, അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ, മോട്ടോർ വാഹന വകുപ്പ്

13. ശ്രീമതി ശോഭ റ്റി. സി., സ്റ്റേറ്റ് ടാക്സ് ഓഫീസർ, കേരള സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ്

14. ശ്രീ. ശ്രീകാന്ത് കെ. പി., സ്റ്റേറ്റ് ടാക്സ് ഓഫീസർ, കേരള സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്

15. ശ്രീ. ആർ. രാജീവ്, സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, മോട്ടോർ വാഹന വകുപ്പ്

16. ശ്രീ. സുനിൽ കുമാർ വി., ഡെപ്യൂട്ടി കമ്മീഷണർ, കേരള സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്

17. ശ്രീമതി സിന്ധു എൽ., ഡെപ്യൂട്ടി കമ്മീഷണർ, കേരള സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്

18. ശ്രീമതി അനു എസ് . നായർ, അസിസ്റ്റന്റ് കമ്മീഷണർ, റവന്യൂ വകുപ്പ്

പ്രസ്തുത സംയുക്തയോഗം, THE KERALA FINANCE BILL, 2025 ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ആയതിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

The Kerala Court Fees and Suits Valuation Act, 1959, The Kerala Land Tax Act, 1961, The Kerala Genaral Sales Tax Act, 1963, The Kerala Motor Vehicles Taxation Act, 1976, The Kerala State Goods And Services Tax, 2017, The Kerala Finance Act, 2024, എന്നീ ആക്റ്റുകളിന്മേലുള്ള ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണ് 2025-ലെ കേരള ധനകാര്യ ബിൽ. പ്രസ്തുത ബില്ലിലെ 2, 4, 5, 8, 29 എന്നീ

ഖണ്ഡങ്ങളിന്മേൽ ഔദ്യോഗിക ഭേദഗതികൾ യോഗത്തിൽ അവതരിപ്പിക്കുകയുണ്ടായി. പ്രസ്തുത ഔദ്യോഗിക ഭേദഗതികൾ ഉൾപ്പെടെ, ബിൽ വിശദമായി സമിതിയോഗം പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും തുടർന്ന് ചുവടെ ചേർത്തിട്ടുള്ള ഭേദഗതികളോടെ 2025-ലെ കേരള ധനകാര്യ ബിൽ അംഗീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

<u>Clause 2</u>

(1) in sub clause (2), for the word "whereever" the word "wherever" shall be substituted;

(2) in sub clause (3), for the word "whereever" the word "wherever" shall be substituted;

(3) in item (b) of sub-clause (20), in article 9 of the schedule in column 2,—

(a) in item (j), for the words, symbol and figure "section 47 and Order XXI, rules 58 and 90," the words "Section 47, Order XXI rules 58 and 90 and Order XXXVIII rule 8" shall be substituted;

(b) in item (o), for the words "Application for enforcing foreign awards", the words "Application for enforcing awards including foreign awards" shall be substituted;

(c) in item (u), for the sub-item "(ix)" , the following sub-item shall be substituted, namely:—

"(ix) exceeds rupees one crore for every one hundred rupees or part thereof, in excess of rupees one crore";

(d) in item (w), the words and figure "application under Order XXI rule 58 filed before the Trial Court of Executing Court or an" shall be omitted.

<u>Clause 4</u>

(1) in sub clause (4) proposed to substitute section 23B,—

(a) in sub-section (1)

(i) after the words "Act may opt to settle the arrears", the words "in any of the assessment orders" shall be inserted;

(ii) after the words "principal amount of tax and", the words "cess along with" shall be inserted;

(b) in sub section (4), in the proviso, for the words "if such case is settled by the assesse", the words "on settlement of such cases" shall be substituted;

(c) in the proviso to sub-section (6), for the words "opportunity or" the words "opportunity for" shall be substituted;

(d) sub-section (10), after the words and symbol, "if any, paid earlier", the words and symbol, "after the service of the demand notice," shall be inserted;

(2) in sub-clause (5) proposed to insert section 23BB,—

(a) in the proviso to sub-section (6) for the words and symbol "if such case is settled by the assessee," the words and symbol "on settlement of such cases," shall be substituted;

(b) in sub-section (8) after the words and figures "Kerala Revenue Recovery Act, 1968" the word, brackets and figures "(15 of 1968)," shall be inserted;

(3) sub-clause (7) shall be renumbered as sub-clause (6) and the remaining sub-clauses shall be renumbered accordingly.

(4) in renumbered sub-clause (7) proposed to substitute section 29A, in sub-section (3), for the words and symbol "under the sub-sections.", the words, symbols, brackets and figures "under sub-section (1) or (2) or both, as the case may be." shall be substituted.

(5) in renumbered sub-clause (8) proposed to substitute section 30E,—

(i) in the marginal heading for the words "vessel or vehicle", the words "conveyance or both" shall be substituted;

(ii) in sub-section (2),—

(a) for the word "provisins" the word "provisions" shall be substituted;

(b) for the words and symbol "in charge of the goods conveyance," the words and symbols "in charge of the goods or conveyance," shall be substituted;

(iii) in sub-sections (3) and (4), for the word "bonafides", the word "bonafide" shall be substituted;

(iv) in sub-section (7), for the words, symbols, brackets and figure "fails to prove the genuineness of the transport as per sub-section (3)," the words and symbol "fails to prove the bonafide of the transport," shall be substituted;

(v) in sub-section (12), for the words "The officer shall take and hold possession of the things confiscated", the words "The officer adjudging the confiscation shall take and hold possession of the goods or conveyance or both" shall be substituted.

<u>Clause 5</u>

in sub-clause (2), in item (a) for the Explanation, the following Explanation shall be substituted, namely:—

"Explanation.—Batteries Renting/Leasing facility means, purchase of vehicle by excluding the cost of battery and pay for battery by way of pay-per kilometre usage or any such other method.".

<u>Clause 8</u>

in sub-clause (1)(g) after the words "Kerala State Goods and Services Tax Act, 2017" the word, brackets and figures "(20 of 2017)" shall be inserted.

<u>Clause 29</u>

(a) In sub-clause (2), for the word, figures and symbol "1st April, 2025", the words "the date of payment" shall be substituted;

(b) In sub-clause (4), after the words, " intimate the settlement to the appellate or revisional authority under", the words and figure "section 14 of" shall be inserted.

പ്രസ്തുത ബില്ലിലെ വ്യവസ്ഥകളിന്മേൽ സമിതിയംഗങ്ങളായ സർവശ്രീ കെ. ബാബു (തൃപ്പൂണിത്തുറ), പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, എൻ. എ. നെല്ലിക്കുന്ന്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എൻ. ഷംസുദ്ദീൻ, വി. ഡി. സതീശൻ എന്നിവർ വിയോജിപ്പ് രേഖപ്പെടുത്തികൊണ്ട് സമിതിയ്ക്ക് കുറിപ്പ് ലഭ്യമാക്കുകയുണ്ടായി.

യോഗം വൈകുന്നേരം 6.30-ന് പിരിഞ്ഞു

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.